FOR ONE DAY ONLY.
Metro-Goldwyn-Mayers
Greatest Motion Picture
"David Copperfield"
Star cast of 65 Players
Including W. C. Fields,
Barrymore
at
CENTRAL THEATRES
on 26 February 1949.

പ്രഭാതപ്രതിപ്പ്. Reg. No. T 174. Licence No. 365 dated 26—2—194 വില 2 പൈസ

# ദേശാഭിമാനി

Editor-in-Chief:- K. N. Sankunni Pillai B. A. & B. L.

ശിവരാത്രി ദിവസം
14-ാം തെ വെള്ളിയാഴ്ച
കോട്ടയം
സെൻട്രലിൽ
ഹരിശ്ചന്ദ്ര
ന്യൂ തീയേററിൽ
ശ്രീ മുരുകൻ
6നും, 9നും, 12നും, 2നും, 4ക
ളിംഗ ഉണ്ടായിരിക്കുന്നതാണ്

Vol. 1 | കോട്ടയം 1949 ഫെബ്രുവരി 24-ാംനു — 1124 കുംഭം 13-ാംനു വ്യാഴം പേജ് 4 | No 285

## മുപ്പതു ലക്ഷം രൂപാ കൊട്ടാരത്തിൽ നിന്ന് മൂന്നരപലിശയ്ക്ക് കടംവാങ്ങി

### തിരുവിതാംകൂർ അസംബ്ളിയിൽ ധനകാര്യമന്ത്രിയുടെ പ്രസ്താവന

### മനോരമ റിപ്പോർട്ടർക്ക് പുതിയ ബസ്സ് ലൈൻ അനുവദിച്ചതിനേയും ടെക്സ്റ്റൈൽ കമ്മീഷണരുദ്യോഗം നിറുത്തൽ ചെയ്തതിനെയും പററി ചോദ്യങ്ങൾ

### അഴിമതിനിവാരണ ബില്ലിനെപ്പററിയുള്ള ചർച്ചകൾ—ജനകീയമന്ത്രിമാരുടെ ഭരണം ശുദ്ധമായിരുന്നാൽ ഈ ബില്ലിന്റെ ആവശ്യം നേരിടുകയില്ലെന്ന് മന്നം—അഴിമതിക്കാരായ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ കൈ മുറിക്കേണ്ടതാണെന്ന് ചിദംബരനാഥനാടാർ—കോട്ടയം സത്രത്തിൽനിന്ന് റിസ്റ്റർവ് പോലീസിനെ മാററാൻ ആലോചിക്കുന്നു—മാവേലിക്കരയിലെ അണ്ടിഫാക്ടറിയെ സംബന്ധിച്ച് മി. തമ്പിയുടെ അടിയന്തിരപ്രമേയം പിൻവലിച്ചു

(സ്വന്തം ലേഖകൻ)

തിരുവനന്തപുരം, കുംഭം 12

നിയമസഭാ നടപടികൾ ഇന്നംരാവിലെ 11 മണിക്കു ശ്രീ. ആർ. വി. തോമ്മസ്സിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു.

മി അബ്ദുൾഖാദിർ—തിരുവിതാംകൂറിൽ ഓരോരം ഇടവകയ്ക്കും എത്ര ഏക്കർ ഭൂമിവീതമുണ്ട്?

മന്ത്രി മി. മർക്കോസ്—കിളിമാനൂർ ഇടവകയ്ക്കു 9080 ഏക്കറും ഇടപ്പള്ളി ഇടവകയ്ക്കു 30,142 ഏക്കറും, പുത്തൻ ഇടവകയ്ക്കു 40930 ഏക്കറും വഞ്ചിപ്പുഴ ഇടവകയ്ക്കു 35,523 ഏക്കറും ഭൂമിയുണ്ട്.

ചോ—ഇടവകകൾക്ക് കിട്ടുവാനുള്ള നെൽക്കരം പണമായി ഇടുമ്പോൾ പറയ്ക്കു എന്തു വിലയാണ് ചുമത്തുന്നത്?

മന്ത്രി—ഗവ: നിരക്കായ രണ്ടര രൂപാവച്ച്

ചോ—രണ്ടര രൂപ ഗവ: നിരക്കല്ലല്ലോ ഒന്നര രൂപ നെല്ലുവിലയും ഒരു രൂപ ബോണസ്സുമായിട്ടല്ല?

മന്ത്രി—അതേ.

ചോ—ബോണസ് യഥാർത്ഥകൃഷിക്കാർക്കല്ല കൊടുക്കേണ്ടത്?

ഉത്തരം—അങ്ങനെ വ്യവസ്ഥ ഒന്നുമില്ല. ഗവണ്മെന്റിന് നെല്ലു കൊടുക്കുന്നവർക്ക് പറയുന്നിന് ഒന്നര രൂപാ വിലയും ഒരു രൂപ ബോണസ്സും കൊടുക്കും.

മി. കുമാരനാചാരി—കഴിഞ്ഞ രണ്ടുമൂന്നു കൊല്ലമായി പൊതുജനസമ്പർക്കത്തിന് പ്രയോജനപ്പെടാത്തവണ്ണം കോട്ടയം സത്രത്തിൽ റിസർവ് പോലീസിനെ സ്ഥിരമായി താമസിപ്പിച്ചുവരുന്നതിന്റെ കാരണം എന്ത്?

പ്ര: മന്ത്രി:—റിസർവു പോലീസിന് താമസിക്കുവാൻ മററുസൗകര്യമില്ലാത്തതുകൊണ്ട് താൽക്കാലികമായി സത്രത്തിൽ താമസിപ്പിച്ചിരിക്കുകയാണ്.

ചോദ്യം:—രണ്ടുമൂന്നു വർഷമായി അങ്ങിനെ താമസിപ്പിക്കുന്നെങ്കിൽ അതു താൽക്കാലികമാണോ?

പ്ര: മന്ത്രി:—അതു താൽക്കാലികം എന്ന വാക്കിന്റെ വ്യാപ്തി അനുസരിച്ചിരിക്കും.

ചോദ്യം:—അവരെ അവിടെനിന്നും മാററുവാൻ ഗവ: ആലോചിക്കുന്നുണ്ടോ?

പ്ര. മന്ത്രി:—അതിന് ആലോചിച്ചുവരികയാണ്.

വൈക്കംതാലൂക്കിൽ തലയാഴം പകുതിയിൽപെട്ട കല്ലറയുള്ള ഒരു സഹകരണസംഘക്കാർ കല്ലറ ഒരു പ്രത്യേകപകുതിയാക്കണമെന്ന് ഒരു നിവേദനം അയച്ചിരുന്നുവെന്നും എന്നാൽ തലയാഴം പകുതി വിഭജിക്കേണ്ട ആവശ്യമില്ലെന്ന് ഗവ: തീരുമാനിച്ചിരിക്കുകയാണെന്നും മി. വൈക്കം വി. മാധവന്റെ ചോദ്യത്തിന്മേൽ മന്ത്രി മി. മർക്കോസ് പ്രസ്താവിച്ചു

ശ്രീ: പട്ടം:—6-3-124 നു ശേഷം ഗവ: ൽ നിന്നും ഏതെങ്കിലും വായ്പ എടുത്തിട്ടുണ്ടോ?

മന്ത്രി മി. ജോൺ:—ഉണ്ട്. കൊട്ടാരത്തിൽനിന്നും 15-5-124—ൽ 30 ലക്ഷം രൂപാ കടമെടുത്തിട്ടുണ്ട്. അരിക്കച്ചവടത്തിനു വേണ്ടിയാണ് അതു മേടിച്ചത്. മൂന്നരശതമാനം പലിശയോടുകൂടി മൂന്നു വർഷത്തിനകം തിരിച്ചു കൊടുത്തുകൊള്ളാമെന്ന കരാറിലാണ് വാങ്ങിയിട്ടുള്ളത്.

ചോ:—അതിൽ കുറഞ്ഞ പലിശനിരക്കിൽ വായ്പ കിട്ടുകയില്ലേ?

മി ജോൺ:—അതു പരസ്യം ചെയ്ത് അന്വേഷിച്ചില്ല. പബ്ളിക്ക് ലോൺ ആക്കണമെന്നാണ് ഗവ: കരുതിയത്.

ചോ:—ഇമ്പീരിയൽ ബാങ്കിൽപലിശനിരക്ക് എന്താണ്?

മന്ത്രി:—ഇപ്പോൾ രണ്ടരശതമാനം:

മി. ബാലകൃഷ്ണനുതമ്പി:—പിന്നെ എന്തുകൊണ്ട് ഇമ്പീരിയൽ ബാങ്കിൽനിന്നും വാങ്ങിയില്ല.

മന്ത്രി:—അവിടെ കുറെ രൂപാ കൊടുക്കാനുള്ളതുകൊണ്ട് ഇപ്പോൾ ചോദിക്കേണ്ട എന്നു ഗവ: കരുതി.

ചോ: — കൊട്ടാരത്തിൽനിന്നും ഇതിനുമുമ്പ് വാങ്ങിയിട്ടുണ്ടോ?

മന്ത്രി: —ഇതിനുമുമ്പ് പലപ്പോഴായി വാങ്ങിയ വകയിൽ എട്ടുലക്ഷം രൂപാ ബാക്കി കൊടുക്കാനുണ്ട്.

മി. കെ. ഏ. മത്യു:—ട്രാവൻകോർ ബാങ്കിൽ ഗവ: ന് സ്ഥിരം ഡിപ്പോസിററുണ്ടല്ലോ. കൂടാതെ അവിടെനിന്നും ഇപ്പോൾ രൂപാ വാങ്ങുന്നതു് ഉചിതമല്ലെന്നും ഗവ: വിചാരിച്ചു.

മി. പി. ററി. ചാക്കോ:—ഏതു മന്ത്രിസഭയുടെ കാലത്താണ് ഈ കടം എടുത്തത്?

മന്ത്രി.—15-5-124 ൽ ആണെന്ന് ഞാൻ പറഞ്ഞുവല്ലോ.

മി. കൃഷ്ണനുണ്ണിയുടെ ഒരു ചോദ്യത്തിനുത്തരമായി കഴിഞ്ഞ സെൻസസ് കാലത്ത് സെൻസസ് കമ്മീഷണർ ഒരു സാമ്പത്തിക സർവെ നടത്തിയെന്നും എന്നാൽ അതു പൂർണ്ണമായില്ലെന്നും രാജ്യവ്യാപകമായ തോതിൽ പൂർണ്ണമായ ഒരു സാമ്പത്തിക സർവെ നടത്തുവാൻ ഗവ: ആലോചിച്ചുവരികയാണെന്നും ഗവ: പക്ഷത്തുനിന്നും മറുപടി പറഞ്ഞു.

ആലപ്പുഴ—അരൂർലൈൻ മീനം ഒന്നാംതീയതി മുതൽ ഗവ: ഏററെടുക്കുന്നതാണെന്നും അവിടെ എട്ടു ബസ്സുകൾ വീതം ഓടിക്കുന്നതാണെന്നും വെസ്റ്റ്കോസ്റ്റ് സിനഡിക്കേററിലുള്ള ജീവനക്കാരിൽ ഒരു നിശ്ചിത ശതമാനത്തെ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെടുക്കുന്നതാണെന്നും ഇതിനകം 8 ഡ്രൈവറന്മാരെ തിരഞ്ഞെടുത്തിട്ടുണ്ടെന്നും മറെറാരു ചോദ്യത്തിനുത്തരമായി മന്ത്രി മി. ഇലങ്കത്ത് പ്രസ്താവിച്ചു.

മി. എൻ. പി. വർഗ്ഗീസ്—അഗ്രികൾച്ചർ ഡിമാൻസ്ട്രേററന്മാരുടെ ജോലിയും ശമ്പളവും എന്ത്?

മി. മർക്കോസ്—കൃഷി നന്നാക്കുന്നതിനെപ്പററി പ്രചാരണം നടത്തുകയും അനുഭവങ്ങൾ ഉപദേശങ്ങൾ കൃഷിക്കാർക്ക് കൊടുക്കുകയുമാണ് അവരുടെ ജോലി. 30-45 രൂപാ ശമ്പളത്തിലും 25—30 രൂപായിലും രണ്ടു ഗ്രേഡ് കൃഷി ഡിമാൻസ്ട്രേററന്മാരുണ്ട്. അവർക്ക് 5 രൂപാ സ്ഥിരം സൈക്കിൾ അലവൻസുമുണ്ട്.

ചോ—ഇവർക്ക് കൃഷി അറിയാമോ?

മന്ത്രി—അറിയാം.

ചോ—അവർ കൃഷി ഡിമാൻസ്ട്രേററു ചെയ്യുന്നതു അഫീസിലാണോ കൃഷിസ്ഥലത്താണോ? (ചിരി)

മന്ത്രി—കൃഷിസ്ഥലത്ത്.

ചോ—ഈ ഡിമാൻസ്ട്രേററന്മാരിൽ നിന്ന് കൃഷിയെ രക്ഷിക്കുവാൻ ഗവണ്മെന്റ് ശ്രമിക്കാമോ?

മന്ത്രി—പൊതുജനാഭിപ്രായമങ്ങനെയാണെങ്കിൽ അതിനും ശ്രമിക്കാം.

മി. കണ്ണാറ—ജുഡീഷ്യറിയെ എക്സിക്യൂട്ടീവിൽനിന്നും വേർ തിരിക്കണമെന്ന തത്വം ഈ ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ടോ?

മന്ത്രി മി: ജോൺ — ഇല്ല. ആ തത്വം ഒരു പ്രാവിനസിലും നടപ്പിൽ വന്നിട്ടില്ല. ചിലേടങ്ങളിൽ അതിനു ശ്രമിക്കുന്നുമുണ്ട്.

ചോ—ഇപ്പോഴത്തെ എക്സിക്യൂട്ടീവ് ജുഡീഷ്യറിയിൽ ഇടപെടുന്നുണ്ടോ?

മന്ത്രി—ഇല്ല. ഇടപെടുകയുമില്ല.

മി: ജോസ്—കൈത്തറിനെയ്ത്തുകാരിൽനിന്നും ഗവ: ന് എന്തെങ്കിലും നിവേദനം നടത്തിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തിട്ടുണ്ട്.

പ്ര: മന്ത്രി—നിവേദനം കിട്ടിയിട്ടുണ്ട്. നെയ്ത്തുകാർക്ക് ആശ്വാസം നൽകുന്ന കാര്യം ഗവണ്മെന്റ് ആലോചിച്ചുവരികയാണ്. അവരുടെ ആവശ്യങ്ങളിൽ രണ്ടുമൂന്നെണ്ണം ഇതിനകം ഗവ: അനുവദിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഒരു സമയത്തു് അനുവദിക്കുവാൻ സാദ്ധ്യമല്ല. കൈത്തറിനെയ്ത്തു് ദേശീയമാക്കുവാൻ ആലോചിച്ചുവരികയാണ്. അതു് ഉടൻ സാദ്ധ്യമല്ല.

ചോ—മദ്രാസിൽ നെയ്ത്തുകാർക്കു ധനസഹായം നൽകുന്നുണ്ട്. ഇവിടെയും അങ്ങിനെ ചെയ്യുകയോ?

മന്ത്രി — അതിനെപ്പററി ഗവ: ആലോചിച്ചിട്ടില്ല.

ശ്രീ. പി. താണുപിള്ള—ടെക്സ്റ്റൈൽ കമ്മീഷണരുദ്യോഗം നിറുത്തലാക്കുവാനുള്ള കാരണം എന്ത്? അതു നിറുത്തലാക്കിയതുമൂലം ഗവ. ന് എന്തു ലാഭമുണ്ട്.

പ്ര. മന്ത്രി— മുഴുവൻ സമയവും ജോലിചെയ്യുന്ന ഒരു ടെക്സ്റ്റൈൽ കമ്മീഷണരുടെ ഉദ്യോഗം ഇന്നത്തെ നിലയിൽ ആവശ്യമില്ലെന്നു ഗവ—ന് ബോദ്ധ്യം വന്നതുകൊണ്ടാണ് ആ ഉദ്യോഗം നിറുത്തലാക്കിയതു്. ഇപ്പോൾ ആ ജോലി കൂടി സിവിൽ സപ്ലൈസ് കമ്മീഷണർ നിർവഹിക്കുകയാണ്. അദ്ദേഹത്തിനു അധിക വേതനമായി 150 രൂപാപ്രതിമാസം അലവൻസ് നൽകുന്നുണ്ട്. രണ്ടു അസിസ്റ്റന്റു് ടെക്സ്റ്റൈൽ കമ്മീഷണറന്മാരുടെ ഉദ്യോഗം ഉന്മൂലനം ചെയ്തതിനെ നിറുത്തലാക്കിയിട്ട് സിവിൽ സപ്ലൈസ് കമ്മീഷണർക്കു ഒരു അസിസ്റ്റന്റിനെക്കൂടി നിയമിച്ചു ഇപ്രകാരം പ്രതിമാസം 390 രൂപാ ശമ്പളവും 81 രൂപ അലവൻസുമായി കണക്കാക്കിൽ ആകെ 471 രൂപാ സമ്പാദ്യമുണ്ടായി.

ചോ—ടെക്. കമ്മീഷണറായിരുന്ന മി. ദാമോദരൻപിള്ള ഇപ്പോൾ ഏതു് ഉദ്യോഗത്തിലാണ്.

പ്ര.മ—അദ്ദേഹം ഇപ്പോൾ അവധിയിലാണ്.

ചോ—അദ്ദേഹത്തെ അസി. ഗവ. സെക്രട്ടറിയായി തിരിച്ചു യച്ചപ്പോൾ ഏതെങ്കിലും അസി: സെക്രട്ടറിയെ തൽസ്ഥാനത്തുനിന്നും മാററുകയോ കൂട്ടത്തിൽ ഒരു അസി: സെക്രട്ടറിയെ നിയമിക്കുകയോ ചെയ്തോ?

പ്ര: മ:—മിസ്റ്റർ മുഹമ്മദാർപിള്ളയെത്തിയ്യ് അസി: സെക്രട്ടറിയായി തിരിച്ചയച്ചതോടുകൂടി കൂട്ടത്തിൽ അസി. സെക്രട്ടറി ഉദ്യോഗം നിർമ്മിച്ചിട്ടില്ല.

മി. കുഞ്ഞിൽ വേലായുധൻ നായർ:—ടെക്: ഇൻസ്പെക്ടറന്മാരുടെ നിയമനവും ടെക്സ്റ്റൈൽ കമ്മീഷണറുദ്യോഗം നിറുത്തലാക്കിയതുംതമ്മിൽ വല്ല ബന്ധവുമുണ്ടോ?

പ്ര. മ:—യാതൊരു ബന്ധവുമില്ല.

മി. ചിദംബരനാഥനാടാരുടെ ഒരു ചോദ്യത്തിനുത്തരമായി കൊല്ലം—അലപ്പുഴ ലൈനിൽ രണ്ടു പാലങ്ങൾ കടക്കേണ്ടതുകൊണ്ട് സാധാരണ ട്രാൻസ്പോർട്ടുബസ്സുകൾ ഓടുക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നും മി. ജോർജ്ജ് പ്രസ്താവിച്ചു

ചോ:—എത്രകാലമായി മുകളിലെഴുതിയ പാലങ്ങളിൽ ബസ്സുകൾ ആളുകളെ ഇറക്കിയും കേറ്റുകയുമാണ്.

മന്ത്രി:—ഏഴെട്ടു കൊല്ലക്കാലം കൊണ്ട് അങ്ങിനെ നടക്കുകയാണ്.

മി. പൊന്നയ്യാ—ഒരു ലൈനിൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റാണോ, സ്വകാര്യബസ്സുകൾ അതു് കുത്തകലൈനായിട്ടല്ലേ നടക്കുന്നതു്.

മി. ജോർജ്ജ്:—ആദ്യം എക്സ് പ്രസ്സ് പിന്നീട് സാധാരണബസ്സുകളും നടപ്പിൽ വരുത്തുക എന്നതാണ് ഗവ: നയം.

ചോ—ചില ട്രെയ്ലറു് ബസ്സുകൾക്കുമാത്രം ഏതെങ്കിലും കരാറിൽ ഉൾപ്പെട്ടു ഇടപെടാനുള്ള ചില ലൈനുകൾ ഗവ: ഏറെറടുക്കുകയുണ്ടോ?

മന്ത്രി:—അല്ല.

മി. പി. ററി. ചാക്കോ:—ചില പ്രൈവററ് ബസ്സുടമസ്ഥന്മാരെക്കൂടി സർവീസു നടത്തുവാൻ ഗവ: പ്രോത്സാഹിപ്പിക്കുന്നുണ്ടോ?

മന്ത്രി:—തീർച്ചയായും ഇല്ല.

മി. മന്നം:—ചില പത്രപ്രവർത്തകന്മാർക്ക് പുതിയ ബസ്സ് സർവീസുകൾ അനുവദിച്ചിട്ടുണ്ടോ?

മന്ത്രി—ഇല്ല.

മി. മന്നം—മനോരമയുടെ റിപ്പോർട്ടർക്ക് പാലാ—അലുവാ ലൈൻ അനുവദിച്ചിട്ടില്ലേ?

മന്ത്രി— റിപ്പോർട്ടർക്കല്ലാതിട്ടല്ല, കമ്പനിക്കാണ് ലൈൻ അനുവദിച്ചിട്ടുള്ളത്.

ചോദ്യോത്തരങ്ങൾക്കു ശേഷം മാവേലിക്കര താലൂക്കിൽ തഴക്കരക്കും പകുതിയിൽ അവിടെ പൊതുജനസമ്പർക്കത്തിനുള്ള ശുദ്ധജലലഭ്യതക്കു മലിനപ്പെടുത്തുകയും ആ സ്ഥലത്തെ പ്രകൃതിരമണീയതയെ ഹനിക്കുകയും ചെയ്യത്തക്കവിധത്തിൽ ഒരു കശുവണ്ടി ഫാക്ടറി സ്ഥാപിക്കുവാൻ മി തങ്ങൾ കുഞ്ഞു മുസലിയാർ ശ്രമിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഗുരുതരമായ പാരിതസ്ഥിതിയെപ്പററി പഠിച്ചുവരുകയാണ് സർക്കാർ നിറുത്തിവച്ചിരിക്കുന്നതെന്ന് ഒരു അടിയന്തിര പ്രമേയം മി. ബാലകൃഷ്ണനുതമ്പി അവതരിപ്പിച്ചതിന്മേൽ പ്രസിഡന്റ് പ്രസ്താവിച്ചു.

പ്ര: മന്ത്രി—ഫാക്ടറിസ് ആക്ടനുസരിച്ചു ഗവ: അനുമതി കൊടുക്കുമ്പോൾ മാത്രമെ ഏതെങ്കിലും ഫാക്ടറി സ്ഥാപിക്കുവാനുള്ള ഗവ: വേണ്ട അന്വേഷണം നടത്തിയശേഷം മാത്രമെ അനുവാദം നൽകുകയുള്ളു. പൊതുജനങ്ങളുടെ ഉപയോഗത്തിനുള്ള ശുദ്ധജലം ദുഷിപ്പിക്കത്തക്കവിധത്തിലും പ്രകൃതിരമണീയതയെ ഹനിക്കത്തക്കവിധത്തിലും ഫാക്ടറി സ്ഥാപിക്കുവാൻ ഗവ: അനുവദിക്കുകയില്ല.

മി. തമ്പി—പ്രധാന മന്ത്രി നൽകിയ ഉറപ്പിനെ അടിസ്ഥാനമാക്കി ഞാൻ പ്രമേയം പിൻവലിക്കുന്നു.

അടിയന്തിരപ്രമേയത്തിനു ശേഷം അഴിമതി നിരോധന ബില്ലിനെപ്പററിയുള്ള ചർച്ച തുടർന്നു.

മി. പൊന്നയ്യാ—ബില്ലിന്റെ പൊതു തത്വത്തോടു യോജിച്ചു പ്രസംഗിച്ചു.

മി. ഈപ്പൻ അറയ്ക്കൽ—സത്യസന്ധന്മാരായ വ്യക്തികളെ ചേർത്ത് തലപ്പത്തുതന്നെ കമ്മററികൾ രൂപീകരിച്ചു സാധാരണക്കാരുടെ നിവേദനങ്ങൾ പ്രസ്തുത കമ്മററിയിൽ സമർപ്പിക്കുന്നതിനുള്ള ഒരു വ്യവസ്ഥകൂടി ഈ ബില്ലിൽ ഉൾപ്പെടുത്തണമെന്നും എന്നാൽ ഈ ബില്ലുകൊണ്ടുദ്ദേശിക്കുന്ന പ്രയോജനം സഫലമാകുമെന്നു അഭിപ്രായപ്പെട്ടു

മി. മന്നാർ ഗോപാലനായർ—ഈ ബില്ലിൽ എന്തെങ്കിലും തത്വമുണ്ടെങ്കിൽ ആ തത്വത്തോട് ഞാൻ യോജിക്കുന്നു. വളരെ കർക്കശമായ നിയമം ഉദ്യോഗസ്ഥന്മാരെയും, അനുദ്യോഗസ്ഥന്മാരെയും സംബന്ധിച്ചു ഈ ബില്ലിന്റെ വ്യാപ്തിയിൽ ഉൾപ്പെടുത്തേണ്ടതാണ്. ഈ ബൽ സർക്കാർ ഉദ്യോഗസ്ഥന്മാരെ മാത്രം ബാധിക്കുന്നതാണ് എന്ന പൊതുജനങ്ങളുടെ ധാരണ ഏതുയും വേഗം മാററേണ്ടതാണ്. ഒരു കമ്മററി ഏർപ്പെടുത്തി കന്യാകുമാരി മുതൽ പി. വ്യൂ വരെ അന്വേഷണം നടത്തി അഴിമതിക്കാരെ കണ്ടുപിടിക്കുവാനുള്ള നടപടിയാണ് സ്വീകരിക്കുന്നതെങ്കിൽ അതു് സാദ്ധ്യമല്ല.

മി രാമകൃഷ്ണപിള്ള— പിന്നെ എന്താണ് വേണ്ടതെന്ന് അഭിപ്രായപ്പെടുന്നു?

മി. ഗോപാലനുണ്ണി നായർ—കാര്യശേഷിയുള്ള സി. ഐ. ഡി ഉദ്യോഗസ്ഥന്മാർ മുഖേന അന്വേഷണം നടത്തി അഴിമതിക്കാരും കൈക്കൂലിക്കാരുമായ ഉദ്യോഗസ്ഥന്മാരെ കൈകൂടിച്ചു കയാണ് വേണ്ടതു്.

മി. ജെ. വി. പത്രോസ്—ബില്ലിന്റെ തത്വത്തോട് യോജിച്ചു പ്രസംഗിച്ചു.

മി. എസ്സ്. കുമാർ—ബില്ലിനെ പിന്താങ്ങി പ്രസംഗിച്ചു

മി. പി. എം. വർഗ്ഗീസ്—പ്രസംഗമാരംഭിച്ചപ്പോൾ ലഞ്ചിനുപിരിഞ്ഞു.

### ലഞ്ചിനുശേഷം

രണ്ടുമണിക്കു സമ്മേളനം നടപടികൾ തുടർന്നു.

മി. പി. എം. വർഗ്ഗീസ്—അഴിമതി തടയുവാനുള്ള ഇപ്പോഴത്തെ നിയമങ്ങൾ അവയ്ക്കുപൂർണ്ണമായതിനുണ്ടല്ലോ ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. സത്യത്തെയും നീതിയേയും മുൻനിറുത്തി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥന്മാർ ഉണ്ടാകായിരിക്കുന്നടത്തോളം കാലം ഇത്രാം ബില്ലുകൾകൊണ്ടു യാതൊരു ഫലവും ഉണ്ടാകുന്നതല്ല.

മി. കൃഷ്ണശാസ്ത്രി—ബില്ലിന്റെ ചേരുന്ന ഭാഗങ്ങൾക്കു പിന്തുണ നൽകുന്നതിനു എന്നാകണമെന്ന് അഭിപ്രായപ്പെട്ടു. ഈ സമയത്തിൽ അവതരിപ്പിച്ചിട്ടുള്ള ബില്ലുകളിൽ ഏററവും ദൈർഘ്യമേറിയ ഒരു ബില്ലാണിതു്.

മി. ചാണ്ടി—ഒരു തികഞ്ഞ ഗാന്ധിഭക്തനും മന്ത്രിസഭാംഗവുമായിരുന്ന മി. ജി. രാമചന്ദ്രനു ഈ ബില്ലിനെ എതിർത്തു സംസാരിക്കുന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു. ഈ ബില്ലിനെ വ്യാപ്തി വർദ്ധിപ്പിക്കണം. ജനകീയഭരണത്തിനുശേഷം മന്ത്രിമാർ ഉൾപ്പെടെ ഉദ്യോഗസ്ഥന്മാരുടെ പേരിൽ വല്ലതായ ആരോപണങ്ങൾ ഉണ്ടായിട്ടുണ്ട്. ഈ പരിതഃസ്ഥിതികൾക്ക് ഒരു മാററം ഈ ബിൽ മൂലം സൃഷ്ടിക്കുവാൻ സാധിക്കുമെന്നു ഞാൻ ആശിക്കുന്നു.

മി. കെ. ഏ. മത്യു—നിലവിലിരിക്കുന്ന അഴിമതി തടയുവാനുള്ള ഒരു പ്രാരംഭപടിയായി

(തുടർച്ച നാലാം പേജിൽ)

ശിവരാത്രിപ്രമാണിച്ച്
പുണ്യപുരാണ തമിഴ് ചിത്രങ്ങൾ
കോട്ടയം സെൻട്രൽ തീയേററിൽ
കുംഭം 13-ാം തീയതി വ്യാഴാഴ്ച മുതൽ
P. U. ചിന്നപ്പാ, P. കണ്ണാംബ, N. S. കൃഷ്ണൻ, T. A. മധുരം മുതലായവരഭിനയിച്ച
ഹരിശ്ചന്ദ്ര
കോട്ടയം ന്യൂ തീയേററിൽ
കുംഭം 14-ാം തീയതി വെള്ളിയാഴ്ച മുതൽ
ഹൊന്നപ്പാ ഭാഗവതർ, യോഗമംഗളം, U. R. ജീവരത്നം, M. G. രാമചന്ദ്രൻ, മുതലായവരഭിനയിച്ച
ശ്രീ. മുരുകൻ
ശിവരാത്രി ദിവസം (കുംഭം 14—ാം നു- വെള്ളിയാഴ്ച)
രണ്ടു തീയേററുകളിലും:— 6-നും, 9-നും, 12-നും, 2—നും 4 കളികൾ വീതം ഉണ്ടായിരിക്കുന്നതാണ്

# അവരിരുകൂട്ടർക്കും സാദ്ധ്യമായില്ല

കോട്ടയം നഗരസഭാ കാര്യങ്ങളിൽ നീതിയും സമാധാനവും പാലിക്കുവാൻ സ്ഥലത്തെ കോൺഗ്രസ്സ് പ്രധാനികൾക്കും കോൺഗ്രസ്സുകക്ഷിക്കും അതിന്റെ നിയന്ത്രണത്തിലുള്ള ഗവണ്മെൻറിനും സാധിച്ചില്ല—എന്തുകൊണ്ട് ഇവർഇക്കാര്യത്തിലിടപെട്ടില്ല—അവർക്കാവശ്യമുള്ളപ്പോൾ അപ്രകാരം ചെയ്തതിനു ദൃഷ്ടാന്തങ്ങൾ ധാരാളം—ഈ പ്രസിഡണ്ടു തെരഞ്ഞെടുപ്പും പ്രതിഷേധയോഗത്തിൽ നടത്തിയ കശപിശകളും തീവയ്പ്പും മററും—ജനകീയ യുഗത്തിലോ നാം ജീവിക്കുന്നത്!

കോട്ടയത്തെ സംഭവവികാസങ്ങൾ എന്ന ശീർഷകത്തിൽ നവഭാരതം (കുംഭം 11) പ്രസിദ്ധീകരിച്ചിരിക്കുന്ന മുഖപ്രസംഗത്തിൽ നിന്ന്:—

കോട്ടയം മുൻസിപ്പാലിറ്റിയിലെ പ്രസിഡണ്ടു തിരഞ്ഞെടുപ്പ് ബഹിഷ്കരണം, പ്രസിഡണ്ടുതിരഞ്ഞെടുപ്പ്, പ്രതിഷേധയോഗം യോഗത്തിലെ കശപിശ, കൺവെൻഷൻ പന്തലിനു തീവയ്പ്പ്, തുടർന്നുള്ള പ്രക്ഷോഭയാത്രകളെയും പൊതുയോഗങ്ങളെയും നിരോധിക്കുന്ന ഡി: മജിസ്ട്രേട്ടിന്റെ ഉത്തരവ്, ഇതിനെപ്പററിയൊക്കെ ഓർക്കുമ്പോൾ നാം ജനകീയ യുഗത്തിലാണോ ജീവിക്കുന്നതെന്നും നമ്മുടെ ദേശീയബോധം എന്നെങ്കിലും ഒരു പരമാർത്ഥവസ്തുവായി തീരുവാനുള്ള സാദ്ധ്യതയുണ്ടോ എന്നും തോന്നിപ്പോകുന്നു. അഭിപ്രായ ഭിന്നതകളുടെ ന്യായാന്യായ സ്വഭാവത്തെപ്പററി ഒരു നിരൂപണത്തിനു ഞങ്ങൾ ഒരുങ്ങുന്നില്ല. അതുകൊണ്ടു ഇന്നത്തെ വികാരമൂർച്ഛാവസ്ഥയിൽ വലിയ പ്രയോജനത്തിനും സാദ്ധ്യതയില്ല. നഗരസഭാദ്ധ്യക്ഷസ്ഥാനം ഒരു വിഭാഗത്തിന്റെ കത്തുകയായിത്തീരുന്നു എന്നുള്ള പരാതിക്കു ഇടവരുത്തുവാൻ പാടില്ലാത്തതായിരുന്നു എന്നു മാത്രം ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. ഏതായാലും കാൺഗ്രസ്സ് പ്രേമം ഉൽകൃഷ്ടമെന്നഭിമാനിക്കുന്ന കോട്ടയത്തെ ഒരു സ്വയംഭരണ സ്ഥാപനമായ മുനിസിപ്പാലിറ്റിയിൽ പ്രാതിനിധ്യ സംബന്ധമായി ഭിന്നാഭിപ്രായങ്ങൾ ഉത്ഭവിക്കാനിടവന്നാൽ അതു സഭാംഗങ്ങൾ തമ്മിൽതന്നെയോ സ്ഥലത്തെ കാൺഗ്രസ്സ് പ്രധാനികളുടെ മദ്ധ്യസ്ഥതയിലോ ഒതുക്കുവാനു കഴിയാതെ വന്നതു പരിതാപകരമായിപ്പോയി. സ്ഥലത്തെ കാൺഗ്രസ്സ്, പൊതുജനങ്ങളുടെയിടയിൽ സമ്മതിയോ സ്വാധീനശക്തിയോ ഇല്ലാത്ത ഒന്നാണെന്ന് ഇതിൽ നിന്നു തെളിയുന്നുണ്ട്. തിരുവിതാംകൂർ കാൺഗ്രസ്സിലെ പ്രമുഖനേതാക്കൾക്കും ഇക്കാര്യത്തിലിടപെട്ട് ഒരു തീരുമാനം ചെയ്യാൻ സാധിച്ചില്ല. അവർക്കാവശ്യമുള്ളപ്പോൾ അപ്രകാരം ചെയ്തിട്ടുള്ള ദൃഷ്ടാന്തങ്ങൾ ചൂണ്ടിക്കാണിപ്പാൻ കഴിയും. അന്നൊക്കെ അതു അതുടെയോ ഏതാനും വർഗ്ഗീയ ത്യാഗമായി വീക്ഷിച്ചതിന്റെ ദോഷഫലങ്ങളാണ് ഇന്ന് അനുഭവപ്പെടുന്നതെന്നും എടുത്തു പറയേണ്ടിയിരിക്കുന്നു.

കാൺഗ്രസ്സ്കക്ഷിയുടെ നിയന്ത്രണത്തിലുള്ള ഗവണ്മെൻറിനും കോട്ടയത്തെ ഭിന്നതകളൊതുക്കുവാനു സാധിച്ചില്ല. ഇതിന്റെ എല്ലാം ഫലം വർഗ്ഗീയ ചിന്താഗതി തീക്ഷ്ണതപ്രാപിക്കുക മാത്രമായിരിക്കും. നിരോധനാജ്ഞയുടെയും പരമഫലം വേറൊന്നായിരിക്കയില്ല.

# പുരോഗമനകാംക്ഷികളുടെ പർണ്ണസഹകരണം

## മേർജർ സംരംഭത്തിനു ലഭിക്കണമെന്നു ശ്രീ. കെ. പി. യുടെ അഭ്യർത്ഥന—മി. സി. കേശവന്റെ മറുപടി

"മേർജർ" പ്രമേയം നടപ്പിൽ വരുത്താനു തെരഞ്ഞെടുക്കപ്പെട്ട കമ്മററിയുടെ കൺവീനർ മി കെ പി. നീലകണ്ഠപ്പിള്ള അടിയിൽ കൊടുത്തിരിക്കുന്ന പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

തിരുവനന്തപുരം റവന്യൂ ഡിവിഷനിലെ താലൂക്കുകാൺഗ്രസ്സ് കമ്മററികൾ ചേർന്നു 20-2-1949-ൽ നടത്തിയ യോഗം അംഗീകരിച്ച പ്രമേയത്തെപ്പററി ശ്രീ. സി. കേശവനു പുറപ്പെടുവിച്ചിരിക്കുന്ന പ്രസ്താവന എന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരം വിരുദ്ധവാദപരമായ പ്രസ്താവനകൾ പുറപ്പെടുവിക്കുന്നതു് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സാധാരണമായിത്തീർന്നിരിക്കുന്നതിനാൽ അതിനൊരു മറുപടി എഴുതണമെന്നു അവശ്യം ഉണ്ടാവുകയില്ലെന്നാണ് കരുതിയതു്. എന്നാൽ അദ്ദേഹം ഇന്ന് എത്തിച്ചേർന്നിരിക്കുന്ന പദവിയെ ആസ്പദമാക്കി അദ്ദേഹത്തിന്റെ അഭിപ്രായത്തിനു സാമാന്യജനതക്കുള്ളതിൽ വില കല്പിക്കേണ്ടതാണെന്നുള്ളതിനാൽ സഹപ്രവർത്തകരുടെ ആവശ്യാനുസരണം മാത്രമാണ് ഈ പ്രസ്താവന പുറപ്പെടുവിക്കുന്നതു്.

സ്റ്റേററുകാൺഗ്രസ്സിന്റെ താലൂക്കുകമ്മററികൾ ഇന്നും നിലവിലുണ്ടെന്ന പരമാർത്ഥം അദ്ദേഹത്തിന്റെ പ്രസ്താവനയിൽ തന്നെ സമ്മതിച്ചിട്ടുണ്ട്. ആസ്ഥിതിക്കു രാഷ്ട്രീയമായി പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നത്തെ സംബന്ധിച്ച് അഭിപ്രായം രൂപവൽക്കരിക്കുന്നതിലേക്കായി ഒരു യോഗം വിളിച്ചുകൂട്ടുന്നതിനു് ഒരു താലൂക്കുകമ്മററിക്കു് അർഹതയില്ലെന്ന് അദ്ദേഹം പ്രസ്താവിച്ചുകാണുന്നതു യോഗം അംഗീകരിച്ച പ്രമേയത്തോടു് അദ്ദേഹത്തിനു് അനുഭാവം ഇല്ലാത്തതുകൊണ്ടു മാത്രമായിരിക്കുവാനേ തരമുള്ളു. "മാർക്സ്സിസ"ത്തിൽ നിന്നും വലിഞ്ഞിറങ്ങി രാജവാഴ്ചയെ താലോലിക്കേണ്ട ഒരു നിലവരെ എത്തിച്ചേർന്നിരിക്കുന്നു. മി. സി കേശവന് ഇത്താം പുരോഗമനോന്മുഖമായ പ്രമേയങ്ങളോടു വെറുപ്പു തോന്നുന്നതിൽ ഞങ്ങൾക്കാർക്കും തന്നെ അതിശയമില്ല.

ഇൻഡ്യൻ നാഷണൽകാൺഗ്രസ്സിന്റെ ആദർശം ഈ ഭാരതത്തിലെ "ജന്മി-നാടുവാഴി" പ്രഭുത്വത്തെ (Feudalism) എക്കാലത്തും വച്ചുവാഴിക്കുകയെന്നതല്ല എന്നാണ് ഞങ്ങൾ മനസ്സിലാക്കിയിട്ടുള്ളതു്. ആസ്ഥിതിക്കു കോൺഗ്രസ്സ് ഘടകങ്ങളായി കെ. പി. സി. സി. സ്വീകരിച്ചിരിക്കുന്നതായി നെന്നു മി. കേശവൻ തന്നെ സമ്മതിക്കുന്നതായ ഈ നാട്ടിലെ സ്റ്റേററ്കാൺഗ്രസ്സ് താലൂക്കകമ്മിററികൾക്കു തിരുവനന്തപുരം യോഗം അംഗീകരിച്ചരീതിയിൽ ഒരു "ലയന" (merger) പ്രമേയം സ്വീകരിക്കുന്നതു് "അനധികൃതവും." ശിക്ഷണത്തോടുകൂടിയതുമാകുന്നതെങ്ങിനെയെന്ന് അദ്ദേഹത്തിനു് മാത്രമെ അറിയുവാൻ നിവൃത്തിയുള്ളു. തിരുവനന്തപുരം താലൂക്കു് കമ്മിററിയുടെ ക്ഷണമനുസരിച്ച് ഈ റവന്യൂ ഡിവിഷനിലെ എട്ടു താലൂക്കുകളിൽ നിന്നും 122 കമ്മിററി അംഗങ്ങളോളം യോഗത്തിൽ ഉണ്ടായിരുന്നു. അവർ അംഗീകരിച്ച പ്രസ്തുത പ്രമേയം നടപ്പിൽവരുത്തുന്നതിനുവേണ്ട എല്ലാ പ്രവർത്തനങ്ങളും അവർ ചെയ്യുവാൻ തന്നെയാണ് തീരുമാനിച്ചിരിക്കുന്നതു്. പുരോഗമനകാംക്ഷികളായ ഈ നാട്ടുകാരുടെ പരിപൂർണ്ണ സഹായസഹകരണം കമ്മിററിയുടെ പ്രവർത്തനത്തിനു ലഭിക്കുമെന്നും അവരുടെ സഹായത്തോടുകൂടി "ലയനം" (merger) അസന്നഭാവിയിൽ നടക്കുവാൻ തന്നെയാണ് പോകുന്നതെന്നും ഞങ്ങൾക്കു പരിപൂർണ്ണ വിശ്വാസമുണ്ട്.

# ആ "ഓടക്കുടപ്പുത്രം" തുടരെ വേണ്ടന്നു വയ്ക്കുന്നു

(പ്ര-ലേ)

ഹരിപ്പാട്, കുംഭം 11

മെ: ഷെവിലിയർ, കമ്പളം, വർഗീസ് ഉപദേശകസമിതിയുടെ നിയന്ത്രണത്തിലും സ്വതന്ത്ര തിരുവിതാംകൂർകാരൻ മി. പി: എസ്. ജോർജ്ജിന്റെ പണച്ചുമതലയിലും മാനേജ്മെൻറിലും കോട്ടയത്തുനിന്നു മാവേലിക്കര വന്നു, അവിടെ നിന്നു തിരുവനന്തപുരത്തിനു പോയി തിരിച്ചു കൊല്ലത്തുവന്നു താവളമടിച്ചുകൊണ്ട് പ്രസിദ്ധീകരണമാരംഭിച്ചിരിക്കുന്ന പൗരപ്രഭ എന്ന ഒരു പത്രം, ചില വിനോദമാസികകളേയും അതിലംഘിച്ചു പ്രയോഗിച്ചു വരുന്ന ഭാഷാശൈലികളിൽ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ടു അതിന്റെ കാർത്തികപ്പള്ളിത്താലൂക്ക് ഏജന്റായി പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരുന്നവർ ഇന്നുമുതൽ സ്വയം പിന്മാറിയിരിക്കുന്നതായി അതിന്റെ ആഫീസിൽ അറിവുകൊടുത്തിരിക്കുന്നു. നിയമസഭാസംവാദങ്ങളെ അടിസ്ഥാനമാക്കി എഴുതിയിരുന്ന ഒരു മുഖപ്രസംഗത്തിലെ "ഊളമ്പാറപ്പണ്ടങ്ങൾ" പ്രയോഗവും കോട്ടയം അനിഷ്ടസംഭവദിവസം രാവിലെ പ്രസിദ്ധീകരിച്ച പത്രത്തിലെ "അട്ടഹാസ" "തോന്ന്യാസ" പ്രയോഗങ്ങളിലും, പ്രതിപക്ഷത്തെ, ചില ഒടുപ്പത്രങ്ങളെക്കാൾ കക്ഷ്ടതരമായും പ്രതിപാദിച്ചിട്ടുള്ള സംഗതികൾ ഏജന്റന്മാർ കത്തുകളിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഈ ഓടക്കുടലാസ് ഒഴിച്ചുള്ള മാന്യപത്രങ്ങൾ സകലതും വായിക്കുവാനെ കാർത്തികപ്പള്ളിത്താലൂക്കുകാരുടെ സംസ്കാരം അനുവദിക്കുകയുള്ളുവെന്നും, അതിന്റെ പത്രാധിപർ ജീപ്പിൽ വന്നുപറഞ്ഞതനുസരിച്ച് 10-ാം 15-ാം കടലാസുകൾ വീതം തന്നുമൂലം എടുത്തതു് ഇന്നുമുതൽ അയയ്ക്കേണ്ടയാവശ്യമില്ലെന്ന് ഏജന്റന്മാർ കത്തുകളിൽ പ്രതിപാദിച്ചിട്ടുണ്ടെന്നറിയുന്നു.

ഏഴാച്ചേരി- പരമഭട്ടാരഗുരുകുലത്തിന്റെ സ്ഥാപകനായ ബ്രഹ്മശ്രീ ഭക്താനന്ദ സ്വാമികളുടെ 63-ാമതു ജന്മനക്ഷത്രം സംബന്ധിച്ച പരിപാടികൾസ്ഥലം എൻ. എസ്സ്. എസ്സ് ശ്രീ. ഭക്താനന്ദാശ്രമത്തിൽ വച്ച് ആഘോഷിച്ചിരിക്കുന്നു.

വിയന്നൂർ- സ്ഥലത്തെ ഒരു പുരയിടത്തിൽ പുരയിട ഉടമസ്ഥൻ ഒരു മരംമുറിക്കവെ അയൽവാസിയായ ഒരു ബാലൻ അതുവഴി പോകുകയും പെട്ടന്ന് മരം മുറിഞ്ഞുവീണ് ഈ ബാലൻ മരത്തിനടിയിൽ അകപ്പെട്ടു മരിയ്ക്കുകയും ചെയ്തു.

# വെറും പാട്ട ബില്ലിൽ മൗലികമായ ഭേദഗതികൾ

## 10—ാം തീയതിയിലെ പാർട്ടി യോഗത്തിന്റെ സുപ്രധാന തീരുമാനങ്ങൾ—വെൺപാട്ടം, ഒററി, വാടക തുടങ്ങി എല്ലാ വസ്തുക്കളും ബില്ലിന്റെ പരിധിയിൽ പെടുത്തുന്നു—6 മാസത്തേക്ക് ഇറക്കിവിടൽ നടപടികൾ നിറുത്തി വയ്ക്കുന്നതായുള്ള ബിൽ

(സ്വ-ലേ)

തിരു: കുംഭം 10

ഇന്നു കാലത്തുകൂടിയ പാർട്ടി യോഗത്തിൽ വെറുംപാട്ട ബിൽ (പാർട്ടിക്കമ്മിററിയുടെ റിപ്പോർട്ട്) ആലോചനയ്ക്കെടുത്തപ്പോൾ, പാർട്ടിക്കമ്മിററിയിൽ മി. കളത്തിൽ വേലായുധൻ നായർ ഹാജരാകിയതും കമ്മിററി നിരാകരിച്ചതുമായ മൗലികപ്രാധാന്യമുള്ള ചില ഭേദഗതി നിർദ്ദേശങ്ങൾ പാർട്ടി സ്വീകരിക്കയുണ്ടായി. ഈ ബിൽ മൂലം തിരുവിതാംകൂറിലെ എല്ലാ വിഭാഗങ്ങൾക്കും ഒരുപോലെ ആശ്വാസം ലഭിക്കത്തക്കവണ്ണം എല്ലാവിധ വസ്തുക്കളെയും ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നും, വെറും പാട്ടം, ഒററി, പണയം, വാടക തുടങ്ങി മുൻസിപ്പാലിററികൾ ഉൾപ്പെടെ തിരുവിതാംകൂറിലുള്ള സകലടത്തും വസ്തു ഒഴിപ്പിക്കൽ സംബന്ധിച്ചുള്ള വിധിനടത്തൽ 6 മാസക്കാലത്തേക്കു നിറുത്തിവയ്ക്കത്തക്കവണ്ണം, ഇവയെല്ലാം ബില്ലിന്റെ പരിധിയിൽപെടുത്തുന്നതാണ് മി. വേലായുധൻ നായരുടെ ഭേദഗതി

ഒരുകൂട്ടം വസ്തുഉടമസ്ഥന്മാരെ മാത്രം ഉപദ്രവിക്കേണ്ടുള്ള പരാതിയും അസംതൃപ്തിയും ഒഴിവാക്കുന്നതും, എല്ലാ ഭൂമി കൈവശക്കാർക്കും ഒരുപോലെ സമാശ്വാസം നൽകുന്നതുമായ ഈ ഭേദഗതിയെ പ്രധാനമന്ത്രി ഹാർദ്ദമായി അനുകൂലിച്ചു ബഹുഭൂരിപക്ഷത്തോടുകൂടെ ഇതു പാസ്സായി.

മി. നേശമണിയെ കൂട്ടത്തലായി ഉൾപ്പെടുത്തിക്കൊണ്ടുള്ള പഴയ സിലക്ടുകമ്മററിതന്നെ, പാർട്ടി അംഗീകരിച്ച മേല്പറഞ്ഞ ഭേദഗതി സഹിതം ബിൽ 24 മണിക്കൂറിനകം റിസബ്മിററ് ചെയ്യണമെന്നും, ഒരു പാർട്ടി പ്രശ്നമായി അംഗീകൃതമായിരിക്കുന്ന (ഭേദഗതിസഹിതമുള്ള) ഈ ബിൽ അതേ രൂപത്തിൽതന്നെ നിയമസഭയിൽ ഹാജരാക്കി പാസ്സാക്കണമെന്നും ഈ കമ്മററിയെ ചുമതലപ്പെടുത്തി.

# ഈ രാജ്യത്ത് യഥാർത്ഥസമാധാനം ഉണ്ടാകണമെങ്കിൽ

## ഒരുകുടുംബത്തിനു് കുറഞ്ഞതു എത്ര ഏക്കറും കൂടിയതു എത്രയും ആകാമെന്നു് നിയമനിർമ്മാണം ചെയ്യണമെന്നു ശ്രീ. മന്നം

ഒരു കുടുംബത്തിനു് കുറഞ്ഞതു് അഞ്ചേക്കറും കൂടിയാൽ 25 ഏക്കറും എന്ന വ്യവസ്ഥയിൽ ഭൂനയം രൂപീകരിക്കണമെന്നുള്ള മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ പ്രമേയത്തെ അനുകൂലിച്ച് മി. മന്നത്തു പത്മനാഭപിള്ള ചെയ്ത പ്രസംഗസംഗ്രഹമാണ് താഴെ ചേർക്കുന്നതു്:—

സർ,

ഈ പ്രമേയത്തെ ഞാൻ സന്തോഷപൂർവം അനുകൂലിക്കുന്നു. ഈ രാജ്യത്തെ ജനങ്ങളുടെ ഇടയിൽ അതൃപ്തിയും അസമാധാനവും ക്രമാതീതമായുണ്ട്. അതു് ജാതിവത്സരംകൊണ്ടോ, മതമത്സരംകൊണ്ടോ ഉണ്ടായതല്ല. ഇത്ര മതസഹിഷ്ണുതയും വിവിധമത വിഭാഗങ്ങൾ തമ്മിൽ സൌഹാർദ്ദതയുമുള്ള ഒരുരാജ്യം ഭൂമിയിൽകാണുകയില്ല. ഇവിടത്തെ അസ്വസ്ഥതയ്ക്കു കാരണം സാമ്പത്തികമാണ്. അതിനു ശരിയായ പരിഹാരമുണ്ടാക്കാതെ ഈ കുരുട്ടുവിദ്യയൊന്നും കൊണ്ടു് ഇതവസാനിക്കാൻ പോകുന്നില്ല. ജനസമുദായശരീരത്തിൽ വലിയ ഒരു രോഗം പിടിപെട്ടിട്ടു് കാലം കുറേയായി. ഏതാനും ചിലർ സ്വത്തെല്ലാം കൈവശം വെച്ചുകൊണ്ടു് ബഹുഭൂരിപക്ഷം ആളുകളെ ക്ഷുദ്രകിട്ടിശ്വാസംമുട്ടിച്ച് എത്രകാലം വെച്ചുകൊണ്ടിരിക്കാൻ കഴിയും. വസ്തു ഉടമസ്ഥതയ്ക്കാണ് സമൂലപരിവർത്തനം വരുത്തേണ്ടതു്. അല്ലാതെ കുടിയിറക്കു നിരോധന തൈലവും, പാട്ടമൊഴിപ്പു നിരോധനക്കഴമ്പും കൊണ്ടു് ഈ രോഗം ശമിക്കുന്നതല്ല. മന്ത്രിമാർക്കു് ഏതാനുമാസം ഇവിടിരുന്നു കഴിച്ചുകൂട്ടിയാൽ മതിയെങ്കിൽ മാറി മാറി ഈ പരീക്ഷകൾ നടത്തുന്നതിൽ വിരോധമില്ല.

സാധുജനങ്ങളെ കുടിയിറക്കാൻ പാടില്ലെന്നും അതിനെ നിരോധിക്കണമെന്നും തന്നെയാണ് എന്റെയും അഭിപ്രായം: എന്നാൽ സ്വന്തനിലയിൽ ഒരു സെൻറു് ഭൂമിപോലുമില്ലാത്ത ലക്ഷോപലക്ഷം ആളുകൾക്കിതുമൂലം എന്തോ മഹോപകാരം ചെയ്തു എന്നാണു് അഭിമാനിക്കുന്നതു്. അവകാശരൂപത്തിലല്ലെങ്കിലും കുടികിടപ്പു പണ്ടേ നടന്നുകൊണ്ടുവരുന്ന ഒരു കാര്യമാണ്. ഉടമസ്ഥനും കുടികിടപ്പുകാരും തമ്മിൽ ഉയർന്നതാഴ്ചയുണ്ടെങ്കിലും പാവപ്പെട്ട ഒരു സഹോദരനെ സഹായിക്കുന്നു എന്നൊരു മനോഭാവം അറിയാതെങ്കിലും ഉടമസ്ഥനും, തങ്ങളോടു കരുണാപൂർവം പ്രവർത്തിക്കുന്നു എന്നു കുടികിടപ്പുകാരനും തോന്നുന്നതുകൊണ്ടു് വ്യത്യസ്തമായ നിലയിലാണെങ്കിലും അവർ ഒരു കുടുംബബന്ധത്തിലാണ് കഴിഞ്ഞുകൂടുന്നതു്. ഈ ബിൽ നിയമമായാൽ ഉപകാരത്തിലധികം ഉപദ്രവമാണ് ഇരുകക്ഷികൾക്കുമുണ്ടാകുന്നു പോകുന്നതു്. കുടികിടപ്പുകാരൻ ഉപദ്രവശാലിയാണെന്ന് ഉടമസ്ഥനും, അവകാശപ്രകാരം കിടക്കുന്നതുകൊണ്ടു് ഉടമസ്ഥനെ വകവയ്ക്കേണ്ടതില്ലെന്നു കുടികിടപ്പുകാരനും തോന്നിത്തുടങ്ങും. വിളകൾ വർദ്ധിക്കുമ്പോൾ കുടികിടപ്പുകാരനു പുറത്തേക്കിറങ്ങാനുപോലും അവകാശമില്ലാതെ ഇന്നത്തേതിലധികം അസ്വാതന്ത്ര്യവും ഉപദ്രവമാണ് ഉണ്ടാകാൻ പോകുന്നതു്. ഈ കുടിപ്പിനല്ലാതെ ഒരു തേങ്ങയോ, പാക്കോ എടുക്കാനോ, ഒരു ഓലക്കഷണമെടുത്തു തീകത്തിക്കാനോ അവർക്കവകാശമില്ലല്ലോ. അങ്ങിനെ എത്രനാൾ കിടക്കും: അതിൽ കുറച്ചു സ്ഥലമെങ്കിലും സ്വന്തമായിട്ടു കിട്ടിയാൽ കുററവും വെളിച്ചവും കേറുന്ന ഒരു ചെറുഭവനം കെട്ടി സ്വാഭിമാനത്തോടുകൂടി പാർക്കാം. പുറമെപോയി വേല ചെയ്തുകാശുണ്ടാക്കിയാൽ പോലും കുടികിടപ്പുസ്ഥലത്തു് ആ മാടത്തിൽ കിടക്കാനല്ലാതെ ഒരു ചെറുഭവനം പണിയാനു അവകാശമുണ്ടോ? ഒരിക്കലും വളരാനു സാദ്ധ്യമല്ലാത്ത കുറെ സ്ഥിരം അസ്വാതന്ത്ര്യരെജനനിയമമൂലം സൃഷ്ടിക്കാം. അതുപോലെ പാട്ടം ഒഴിപ്പു നിരോധനം മൂലവും രാജ്യത്തു് കൂടുതൽ അസ്വാസ്ഥ്യമുണ്ടാകുമെന്നേയുള്ളു. ഉടമസ്ഥനു് ഒന്നും കൊടുക്കാതെ പാട്ടക്കാരനെ അധികാരിയാക്കുന്ന നിയമം ഒരു പട്ടിച്ചപറി നിയമമാണെന്നു മന്ത്രിമാരും സമ്മതിക്കേണ്ടതാണ്. സാധുക്കൾക്കു യാതൊരു ഗുണവും കിട്ടാതെ, ഇടത്തരവും വന്നരവുമായ മുതലാളിമാരെ കൂടുതൽ വിഷമിപ്പിക്കുന്ന പയ്യാപ്പുമായ ആ ബിൽ പാസ്സായാൽ കായം കളം കൊച്ചുണ്ണിയുടെ കാലശേഷം നടപ്പിൽ വരുന്ന അംഗീകൃതമായ തീവെട്ടിക്കൊള്ളയെന്നേ അളുകൾ മനസ്സിലാക്കുകയുള്ളു. അതുകൊണ്ടു കുറച്ചേ ഉള്ളെങ്കിലും എല്ലാവർക്കും സ്ഥിരാവകാശം കിട്ടുന്ന നിയമമാണവശ്യമുള്ളതു്

അതിനു് കൂടുതൽ വസ്തു ഉള്ളവരിൽ നിന്നും അധികമുള്ള വസ്തുക്കൾ എടുക്കുവാനുള്ള അധികാരം ഗവണ്മെൻറിനുണ്ടായിരിക്കണം. എന്നാൽ മുതലാളിയെ തൊട്ടുകളിക്കാൻ ഇന്നത്തെ ഗവണ്മെൻറിനുധൈര്യമില്ലാഞ്ഞിട്ടാണ് ഈ കാട്ടിലും പടർപ്പിലുംകടന്നുപിടിക്കുന്നതു്. കാൺഗ്രസ്സിന്റെ പ്രകടനപത്രികയിൽ പറഞ്ഞ ഏററവും പ്രധാനവും, അത്യാവശ്യവും പാവപ്പെട്ടവർക്കു പൊതുവെ ആശ്വാസം കിട്ടുന്നതുമായ ഈ ഒരു കാര്യമെങ്കിലും ചെയ്യാം. ജനകീയഗവർമ്മെൻറു വന്നാൽ ഇതുണ്ടാക്കി കൊടുക്കണമെന്നു മൈതാനംതോറും നടന്നു പ്രസംഗിച്ച ഇന്നത്തെ മന്ത്രിമാരും അവർക്കു പിന്തുണനിൽക്കുന്ന നാമും പിരിഞ്ഞുപോകുന്നതിനു മുമ്പ് ഒരു നല്ല കാര്യമെങ്കിലും ചെയ്യാം. അതിനു തയ്യാറും സന്മനസ്സുമുണ്ടെങ്കിൽ ഈപ്രമേയത്തിലെതത്വം സ്വീകരിക്കുവാനുന്നതാണ്. അധികാരം കയ്യിൽകിട്ടിയപ്പോൾ കഴിഞ്ഞകാര്യങ്ങളെല്ലാം മറന്നുപോയ ലക്ഷണമാണിവിടെകാണുന്നതു്.

ഈ രാജ്യത്തു യഥാർത്ഥമായ സമാധാനമുണ്ടാകണമെങ്കിൽ— "ഈ സുഖക്കേടുകളുടെ കാരണം നശിക്കണമെങ്കിൽ"—"ഇലയിലും കമ്പിലും കടന്നു പിടിക്കാതെ വേരിൽതന്നെ കോടാലി വെക്കണം" എന്നായാലും ഇന്നത്തെ സാമ്പത്തിക വ്യവസ്ഥിതിക്കു് സമൂലപരിവർത്തനമുണ്ടായേതീരൂ ഗവണ്മെൻറിനു സമ്മതമുണ്ടെങ്കിൽ ഇത്തരം ഒരു ബിൽ ഹാജരാക്കി ഒരുദിവസം കൊണ്ടുതന്നെ മൂന്നു വായനയും നടത്തി പാസ്സാക്കാം. അന്വേഷണം നടത്തിയോ, ജനങ്ങളുടെ ഹിതാഹിതമോ അതുകൊണ്ടുള്ള ഗുണദോഷമൊ നോക്കിയോ അല്ലല്ലോ ഈ ബില്ലുകളുംകൊണ്ടുവന്നിരിക്കുന്നതു്. അതുപോലെ എങ്ങിനെയെങ്കിലും രണ്ടുമൂന്നു വകുപ്പുകൾ എഴുതി ഇങ്ങു കൊണ്ടുവന്നാൽ മതി, അസംബ്ളിയിലുള്ള എന്റെ സ്നേഹിതന്മാരായ വക്കീലന്മാർ അധികം ഉപദ്രവം ഉണ്ടാക്കാതിരുന്നാൽ മതിയാകും. അതരം ബില്ലിനെ രാജ്യസ്നേഹവും സമാധാനകാംക്ഷയുമുള്ളവരെല്ലാം സമ്മതിക്കുമെന്നാണെന്റെ വിശ്വാസം അതുകൊണ്ടാണ് ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നതു്.

# രാജധാനി

(സ്വ-ലേ) കുംഭം 12

തിരുവിതാംകൂർ ഡിസ്ട്രിക്ട് കാൺഗ്രസ്സ് കമ്മററി അംഗങ്ങളുടെയും എം. എൽ. എ. മാരുടെയും ഒരു സംയുക്തസമ്മേളനം ഈ മാസം 22-ാം തീയതി ശ്രീ: കമ്പളത്തിന്റെ വസതിയിൽവെച്ചു് നടക്കുന്നതാണെന്നും അതിൽ എല്ലാ മന്ത്രിമാരും സംബന്ധിക്കുന്നതാണെന്നും അറിയുന്നു.

സംസ്ഥാനത്തിന്റെ സംയോജനംവിചയീകരണം എന്നിവയുമായോ അല്ലെങ്കിൽ അതുമാതിരി ഏതെങ്കിലും രാഷ്ട്രീയകാര്യങ്ങളുമായോ തന്റെ സന്ദർശനത്തിനു് ബന്ധമൊന്നുമില്ലെന്നും കേന്ദ്രത്തിന്റെയും നാട്ടുരാജ്യങ്ങളുടെയും സാമ്പത്തികനിലകൾ തമ്മിൽ ഒരു സാരൂപ്യമുണ്ടാക്കുവാനുള്ള ആലോചനകൾക്കായി മാത്രമാണ് താൻ തിരുവിതാംകൂറിലെത്തിയതെന്നും ഇന്ത്യൻ നാട്ടുരാജ്യ ധനകാര്യാന്വേഷണക്കമ്മററി മെമ്പർ മി: ദാണ്ഡേക്കർ പ്രസ്താവിക്കുന്നു.

തങ്ങളുടെ അവശതകൾ ഉടൻ പരിഹരിച്ചുകിട്ടുന്നതുവരെ ഒരു സത്യഗ്രഹം തുടങ്ങുന്നതിന്റെ പ്രാരംഭമായി ഈ മാസം 13-ാംതീയതി പഴവങ്ങാടി മൈതാനത്തുവെച്ചു് ഒരു പൊതുയോഗം കൂട്ടുവാൻ, അഃ തിഃ എക്സ്സർവീസ് വിദ്യാർത്ഥികൾ തീരുമാനിച്ചിരിക്കുന്നു.

റിട്ടഃ ആർക്കിയോളജി ഡയറക്ടർ മി. ആർ. വി. പൊതുവാളിന്റെ മൂത്തപുത്രി ശ്രീമതി വിജയലക്ഷ്മി ഇക്കഴിഞ്ഞദിവസം നിര്യാതയായിരിക്കുന്നു.

അഖിലേന്ത്യാ ഹരിജനസേവന സംഘത്തിൽനിന്നും ശ്രീ: ആർ. വി. പൊതുവാളിനെ ഇന്ത്യയിലെ ആദിമനിവാസികളെസംബന്ധിച്ചു് വേണ്ട വിവരങ്ങൾ ശേഖരിക്കുന്നതിനും അവരുടെ ക്ഷേമാന്വേഷണങ്ങൾക്കുമായി വെൽഫയർ ആഫീസറായി നിയമിച്ചിരിക്കുന്നു.

മന്ത്രി ശ്രീ. കെ. ആർ. ഇലങ്കത്തു് ഈ മാസം 17-ാം തീയതി പാലാ, ഇരുമാറനാട്ടുപേട്ട, പൂഞ്ഞാർ, ചേർപ്പുങ്കൽ, കിടങ്ങൂർ മുതലായ സ്ഥലങ്ങളിലേയ്ക്കു് സർക്കിട്ടുപോകുന്നതും 19-ാം തീയതി രാജധാനിയിൽ തിരിച്ചെത്തുന്നതുമാണ്.

മിസ്സ് ശർമ്മയും പാർട്ടിയും ഇന്നരാവിലെ എക്സ്പ്രസ്സ് ട്രയിനിൽ മദ്രാസിലേയ്ക്കു് തിരിച്ചിരിക്കുന്നു.

മന്ത്രിസഭയുടെ ഒരു യോഗം ഇന്നു കൂടി വിൽപ്പന നികുതി ഇൻസ്പെക്ടർമാരുടെ നിയമനത്തെപ്പററി ചർച്ചചെയ്തു നിയമനം നടത്തിയിരിക്കുന്നു. ആകെ 8 പേരെ നിയമിക്കുന്നതിൽ 2 പേരെ സർവീസിൽനിന്നും 6 പേരെ വെളിയിൽ നിന്നുമാണ് എടുക്കുന്നതെന്നറിയുന്നു.

# പ്രക്ഷേപണ പരിപാടി

(സ്വ-ലേ) കുംഭം 13

വൈകുന്നേരം 7-ന് പ്രാരംഭഗാനം. 7—5-ന് മലയാള പ്രഭാഷണം. "കുട്ടികളും ഭയവും" എന്ന വിഷയത്തെപ്പററി മിസ്സിസ് അബ്ദുസ്സലാം. 7-20-ന് ആർ. ലക്ഷ്മി & പാർട്ടിയുടെ സംഗീതം. 8—ന് ഓടക്കുഴൽ. 8-45—ന് റിക്കാർഡുസംഗ

# പ്രാദേശികവാർത്തകൾ

(പ്രാദേശികലേഖകന്മാർ)

ആലപ്പുഴ—ടൗണിൽ 79-ാം നമ്പർ മി. ഹമീദു പരീതിന്റെ റ്റ്ടയിൽ റേഷൻ കട പരിശോധിച്ചതിൽ കണ്ട ക്രമക്കേടുകൾക്കായി പ്രസ്തുത വ്യാപാരിയുടെ ഡേമുണിത്തുകയിൽ 400രൂപാ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിന്ന് സിവിൽ സപ്ലൈസ് കമ്മീഷണർ അവർകൾ ഉത്തരവു പുറപ്പെടുവിച്ചിരിക്കുന്നു

ടി അമ്പലപ്പുഴ താലൂക്ക് ഹൈസ്കൂൾ കൺവയൻസ് വർക്കേഴ്സ് യൂണിയന്റെ പ്രഥമ വാർഷികസമ്മേളനം ഈ മാസം 15-ം, 16—ം തീയതികളിൽ ചുങ്കപ്പാലത്തിന്ന് സമീപമുള്ള സ്വതന്ത്ര തൊഴിലാളി നഗറിൽ വച്ചു മിഃ പി. റററി. ചാക്കോ എം. എൽ. ഏ—യുടെ അദ്ധ്യക്ഷതയിൽ കൂടുന്നതിന്ന് നിശ്ചയിച്ചിരിക്കുന്നു.

കരിങ്ങന്നം—സ്ഥലം എസ്. എൻ. ഡി. പി— ഭജനമഠത്തിലെ ഉത്സവം മുന്നാണ്ടുകളെ അപേക്ഷിച്ച് വളരെ ഭംഗിയായി നടത്തിയിരിക്കുന്നു. മതമഹാസമ്മേളനത്തിൽ രാജ്യാഭിമാനി പത്രാധിപർ അദ്ധ്യക്ഷം വഹിച്ചു.

തൊട്ടുപുഴ—തൊട്ടുപുഴ പെരുങ്ങാശ്ശേരി റിസർവിലുള്ള കുടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന്ന് സർക്കാർവക സ്കൂളുകൾ ഇല്ലാത്തതിനാൽ നാട്ടുകാരായ അശരന്മാരെ വരുത്തി അദ്ധ്യയനം ചെയ്യിച്ചുകൊണ്ട് ഇരുന്നതിനെ ചിലർ തടസ്സപ്പെടുത്തുന്നതു് വളരെ കഷ്ടമാണ്.

ചെറുതന — 136-ാംനമ്പർ എൻ. എസ്സ്. എസ്സ്. കരയോഗത്തിന്റെ ഒരു വിശേഷാൽ പൊതുയോഗം പടിപ്പുരയ്ക്കൽ ശ്രീമാൻ കൃഷ്ണൻനായരുടെ അദ്ധ്യക്ഷതയിൽ കൂടി കോട്ടയം നഗരത്തിൽ "ഗുണ്ടാകൾ" ചെയ്ത അക്രമപരവും അനീതിപരവുമായ ചെയ്തികളെപ്പററി ഗവണ്മെന്റ് വേണ്ട നടപടികൾ കൈക്കൊള്ളുന്നതിന്ന് ആവശ്യപ്പെടുന്ന പ്രമേയം പാസ്സാക്കി.

നാരങ്ങാനം — കോഴഞ്ചേരി മണ്ണാറക്കുളഞ്ഞി റോഡ് വളരെ ശോചനീയമായ നിലയിലാണ് ഇന്നു കിടക്കുന്നതു്. തന്മൂലം പൊതുജനങ്ങൾ വളരെ ബുദ്ധിമുട്ടുന്നു. അധികൃതർ ഇതു കാര്യത്തിൽ പതിയേണ്ടതാവശ്യമാണ്.

കലവൂർ—ബഹു: പ്രധാനമന്ത്രിയും, മന്ത്രി കുഞ്ഞുരാമനും കുംഭം 9—ാം തീയതി കലവൂർ കിഴക്കുവശം വെട്ടിത്തുടങ്ങിയ തോട് സന്ദർശിച്ചു. നാട്ടുകാരുടെ പന്ത്രുണ്ടയുണ്ടെങ്കിൽ എത്രയും വേഗം തോടുവെട്ടിത്തീർക്കണമെന്നു മന്ത്രിയുടെ മറുപടി ജനാവലിയെ സന്തോഷിപ്പിച്ചു.

വിദ്യാഭ്യാസ മന്ത്രി സ്കൂൾ സന്ദർശിച്ച് പോരാത്ത കെട്ടിടങ്ങൾ ഉടനെ പണിചെയ്യിപ്പിക്കാമെന്നും, പണി തുടങ്ങിയിട്ടുള്ള കെട്ടിടം ഉടനെ പൂർത്തിയാക്കിക്കുന്നതാണെന്നും അടുത്ത സ്കൂൾ വർഷത്തിൽ തേർഡ് ഫോം ക്ലാസ്സുകൂടി അനുവദിക്കുന്നതാണെന്നും വാഗ്ദാനം ചെയ്യുകയുമുണ്ടായി.

പുറപ്പുഴ—ഹിന്ദുമിഷ്യന്റെ ഒരു വിശേഷാൽ യോഗം ഗ്രൂപ്പ് സൂപ്രവൈസർ പി. കെ. കൃഷ്ണപിള്ള അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. പ്രാദേശികസഭകളിൽ രവിവാര പാഠശാല ആരംഭിക്കുവാനും, ശിവരാത്രി പ്രമാണിച്ച് മുട്ടുവലി ക്ഷേത്രത്തിൽ വച്ച് ഒരു ഹൈന്ദവ സമ്മേളനം നടത്തുവാനും തീർച്ചപ്പെടുത്തി.

## കോട്ടയം വനം കമ്മററിക്കാർ അർച്ചന നടത്തുന്നു.

വനദേവതമാരേ, ധനമേററുവാൻ തക്ക — വരമേകുവിനായിരങ്ങളിൽ കുന്നിക്കലും.

വൈക്കം— സ്ഥലം മഹാക്ഷേത്രത്തിൽ കുംഭമാസത്തിൽ നടത്തിവരാറുള്ള അഷ്ടമി മഹോത്സവം ഭംഗിയായി നടന്നിരിക്കുന്നു. വൈക്കം ബ്രദേഴ്സിന്റെ നാദസ്വര കച്ചേരിയും മററും ഉണ്ടായിരുന്നു.

താലൂക്ക് എൻ. ജി. ഓ. കളുടെ ഇടയിൽ പൂർവ്വാധികം സഹകരണവും ഉണർവും ഉണ്ടാക്കുക, സാമ്പത്തി കസ്ഥിതി ഉയർത്തുക, മാനസികമായ വികസനത്തിന്നു വേണ്ട പദ്ധതികൾ രൂപീകരിക്കുക, എൻ. ജി. ഓ. വാരം കൊണ്ടാടുക ഇക്കാര്യങ്ങളെ കുറിച്ചാലോചിക്കുവാൻ ഇന്ന് സ്ഥലം താലൂക്ക് ബാങ്ക് കെട്ടിടത്തിൽ വച്ച് ഒരു യോഗംകൂടിയിരിക്കുന്നു.

ടി യംഗ് ഇൻഡ്യാ ബിസിനസ്സ് (ചിമിററഡിന്റെ) പ്രാരംഭ പ്രവർത്തകനായ മിഃ ടി. വേലായുധദാസിന്റെ അകാലനിര്യാണത്തിൽ ദുഃഖം അചരിച്ച് കുംഭം 8-ാംതീയതി ആഫീസിന്ന് പൊതു ഒഴിവു നൽകുകയുണ്ടായി.

കല്ലൂപ്പാറ—ഈ മാസം തീയതി വ്യവസായ ഡയറക്ടർ എച്ച്: വി. വാർ സ്ഥലത്തെത്തി സെൻറ്മേരീസ് വീവിംഗ്സ്കൂൾ പരിശോധന നടത്തി തിരിയെ മടങ്ങിയിരിക്കുന്നു.

# ലോകക്ഷേമം

(പുതിയ ആംഗ്ലോ-മലയാള പ്രതിവാരപത്രം)

മഹാരഥന്മാരായ രാജ്യതന്ത്രജ്ഞന്മാരെപ്പോലും, പൂർവ്വാപരവിരുദ്ധമാംവണ്ണം ഇന്നു വിക്ഷമിപ്പിച്ചുകൊണ്ടിരിക്കുന്ന "ലോകാസ്സമസ്താസ്സുഖിനോ ഭവന്തു—പ്രശ്നത്തെ സധീരമായും സർവതന്ത്രസ്വതന്ത്രമായും നേരിട്ടു തക്ക പ്രതിവിധി കൽപ്പിക്കുന്ന

പ്രബുദ്ധമായ ഒരു പ്രതിവാരപത്രം

1949 മാർച്ച് മദ്ധ്യത്തിൽ പുറപ്പെടുന്നു. പ്രസന്ന പ്രൗഢ സരസങ്ങളായ വിവിധ ഗദ്യപദ്യ ലേഖനങ്ങൾ, കർശന വിമർശനങ്ങൾ, വിദഗ്ദ്ധ വിനോദങ്ങൾ: മുതലായവയുടെ കാഞ്ചനഗുണവിശേഷപ്രഥമവക്കുതുന്ന "ലോകക്ഷേമ"ത്തിന്റെ പുരോഗമനാത്മകമായ പുതുമയെ പത്രലോകത്തിൽ പ്രഖ്യാപനം ചെയ്യും.

സകല സ്ഥലങ്ങളിൽ നിന്നും ഏജൻറന്മാരെ അവശ്യമുണ്ട് ആകർഷകമായ കമ്മീഷൻ! ക്രൗൺ സൈസിൽ 12 പേജ് വാർഷികവരിസംഖ്യ മുന്നുക്കാൽ 5 ക. ഒററപ്രതി വില 2 ണ. കൂടുതൽ വിവരങ്ങൾക്കു അപേക്ഷിക്കേണ്ടും മേൽവിലാസം:

മാനേജർ, "ലോകക്ഷേമം"
S R P. പ്രസ്സ്, കായംകുളം, തിരുവിതാംകൂർ.

Telegrams: ACCURATE Telephone:- 8210.

**The Central Auto Parts Co.**

Direct Importers & Automobile Specialists,
26 General Patters Road,
Mount Road, Madras.

Telegrams: "ACCURATE" Telephone:- 76
Branch:-2/519 Avanasi Road, COIMBATORE

**ഫോർഡ്, ഷെവർലററ്**

മുതലായ എല്ലാവിധ ഇംഗ്ലീഷും അമേരിക്കനും മോട്ടോർ കാറുകളുടേയും ട്രക്കുകളുടേയും ജനുവിൻ സ്പെയർ പാർട്ട്സ്, ബാററികൾ, ഗാരേജ് ഉപകരണങ്ങൾ, മിഷ്യൻ റൂൾസ് ഇവകൾ എപ്പോഴും താരതമ്യേന കുറഞ്ഞ നിരക്കിൽ ധാരാളമായി ഞങ്ങളുടെ പക്കൽ നിന്നു ലഭിക്കുന്നതാണ്.

ഞങ്ങളുടെ ലക്ഷ്യം നിങ്ങളുടെ സംതൃപ്തിയാകുന്നു.

വിശദവിവരങ്ങൾക്ക് എഴുതുക.
(എഴുത്തുകുത്തുകൾ ഇംഗ്ലീഷിൽ മാത്രം.)

**വയസ്ക്കര രണ്ടാമന്നു മൂസ്സ് വക**

**അംബിക ആയുർവേദിക്ക് ഫാർമസി**

T. B: റോഡ്, കോട്ടയം
രണ്ടു വിശിഷ്ട ഔഷധങ്ങൾ:

**ആയുസുധ | പിംബിൾസ് ക്യൂർ**

വിശ്വാസയോഗ്യവും പൂർണ്ണ ഉത്തരവാദിത്വമുള്ളതുമായ ആയുർവേദ ഔഷധങ്ങൾക്കു ഞങ്ങളെ സമീപിക്കുക. കൂടുതൽ വിവരത്തിന്നു സ്റ്റാമ്പുസഹിതം അവശ്യപ്പെടുക.

മാനേജർ.

**Bharath Institute Of Commerce**

Kottayam, Ranni, Kozhencherry, Ettumanoor.

At Kottayam a few more seats vacant for THREE MONTHS COURSE in Type-writing & Book-keeping.

SECRETARY.

# പരസ്യം

മൂവാററുപുഴ മുൻസീഫ് കോർട്ടിൽ

121 സി 472

വാദികൾ:—രാമമംഗലം പകുതി ഏഴക്കരനാട്ടുകരയിൽ അസ്സുരവീട്ടിൽ പാർവതിഅമ്മ കുഞ്ചിയമ്മ മുതലേ.

1-ാംപ്രതി: — ടി കരയിൽ അസ്സുര കിഴക്കുപുരയിടത്തിൽ കല്ലാശ്ശേരി കുഞ്ഞൻ കുഞ്ഞൻ. ടി പ്രതിയെ തെറ്റിപ്പെടുത്തുന്നതു്.

മേൽനമ്പരിൽ മരിച്ച ഒന്നാം വാദിയുടെ അവകാശികളെ കൂടുതൽ 3-ം 4-ം വാദികളായി കക്ഷിചേർത്തു് ഉത്തരവുണ്ടാകണമെന്നും മററും വാദികൾക്കു ബോധിപ്പിച്ചിരിക്കുന്ന 124-ാമാണ്ട് സിവിൽപലവക 5023-ാം നമ്പർ ഹർജിസംഗതി 1124 കുംഭം 17-ാംനു- വിചാരണയ്ക്കു വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 12 മണിയ്ക്കു കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ കോർട്ടുവക്കീൽ മുഖാന്തരമോ ഹാജരായി അക്ഷേപം വല്ലതുമുണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളേണ്ടതും അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ടി ഹർജി സംഗതി തീർച്ച ചെയ്യുന്നതുമാകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
124 കുംഭം 8-ാംനു-

# പരസ്യം

സിവിൽ പലവക ഹർജി വിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതുകക്ഷിക്ക് നോട്ടീസ്

ചങ്ങനാശേരി മുൻസീഫ് കോർട്ടിൽ 1119-ാമാണ്ട് സിവിൽ 332—ാംനമ്പർ.

വാദി മുക്കുവർകാരി:—പറവൂർ താലൂക്കിൽ പറവൂ അമ്പലത്തിൽ വെളിമ്പറമ്പ് പുത്തനമഠത്തിൽ എസ്സ്: ആർ. മീനാക്ഷി അമ്മാൾ.

പ്രതി:—ചങ്ങനാശേരിപകുതിയിൽ പെരുന്ന കിഴക്കുംമുറിയിൽ പന്തിരിക്കൽ വീട്ടിൽ കുമാരപിള്ള വേലായുധൻപിള്ള.

ടി പ്രതിയെ തെറ്റിപ്പെടുത്തുന്നതു്.

വിധിനടത്താനു ഉത്തരവുണ്ടാകണമെന്ന് വാദി മുക്കുവർകാരി ബോധിപ്പിച്ചിരിക്കുന്ന 112-ാമാണ്ട് സിവിൽ പലവക -ാം നമ്പർ ഹർജി സംഗതി 124-ാമാണ്ടുകുംഭമാസം 21-ാംനു- വിചാരണയ്ക്കു് വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 12 മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി അക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ശിരസ്തദാർ (ഒപ്പ്)
124-ാമാണ്ട്
കുംഭമാസം 11-ാംനു-

# പരസ്യം

സിവിൽ പലവക ഹർജിവിചാരണ നിശ്ചയിച്ച തീയതിയെക്കുറിച്ച് എതുകക്ഷിക്ക് നോട്ടീസ്.

ആലപ്പുഴ അഡീഷണൽ മുൻസീഫ്കോർട്ടിൽ 1122—ാമാണ്ട് സി. 808

വാദി:—ആലപ്പുഴ മുല്ലയ്ക്കൽ കൃഷ്ണാലയത്തിൽ താമസം ശ്രീനിവാസയ്യൻ മഹാദേവയ്യൻ.

പ്രതി:- (3) ആലപ്പുഴപകുതിയിൽ ടി മുറിയിൽ മുല്ലയ്ക്കൽ വാലുപറമ്പിൽ ഉമാമഹേശ്വരയ്യൻ പരമേശ്വരയ്യൻ

ടി പ്രതിയെ തെറ്റിപ്പെടുത്തുന്നതു്.

മേൽനമ്പരിൽ വസ്തുവിവരം തിരുത്തുന്നതിന്ന് അനുവദിച്ച് ഉത്തരവുണ്ടാകണമെന്ന് വാദി ബോധിപ്പിച്ചിരിക്കുന്ന 1124—ാമാണ്ട് സിവിൽ പലവക 7028-ാംനമ്പർ ഹർജി സംഗതി 124—ാമാണ്ട് കുംഭമാസം 22—ാംനു- വിചാരണയ്ക്കു് വച്ചിരിക്കുന്നതിനാൽ അന്നേദിവസം പകൽ 12 മണിക്ക് കക്ഷിയോ ക്രമപ്രകാരം അധികാരപ്പെടുത്തിയ വക്കീലോ ഏജൻറോ ഈ കോർട്ടിൽ ഹാജരായി അക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിച്ചുകൊള്ളണം. അപ്രകാരം ചെയ്യാത്തപക്ഷം നിങ്ങളെ കൂടാതെ ഹർജി തീർച്ചചെയ്യുന്നതും ആകുന്നു.

ഉത്തരവിൻപ്രകാരം
ഹെഡ്ഗുമസ്തൻ (ഒപ്പ്)
124-മാണ്ട് കുംഭമാസം 10

പറക്കോട്ട്—ഇവിടത്തെ ചന്തയും പരിസരവും മദ്യപാനം, ചീട്ടുകളി, മോഷണം മുതലായവകൊണ്ട് സാധാരണക്കാർക്ക് സ്വൈരജീവിതത്തിന്നു പ്രയാസമേററുന്നതായി രിക്കുന്നു. അധികൃതശ്രദ്ധ ഈ കാര്യത്തിൽ പതിയേണ്ടതാണ്:

കുഴിമററം—അഖില തിരുവിതാംകൂർ ആനന്ദസമാജയൂണിയൻ സംഘത്തിന്റെ അടുത്ത പൊതുയോഗം ഈ മാസം 17-ാം തീയതി തിങ്കളാഴ്ച കുഴിമററം ആനന്ദം യോഗശാലയിൽ വെച്ചു കൂടുന്നതാണ്.

## രോഗങ്ങൾ ബാധിക്കുകയില്ല

തികഞ്ഞ ആരോഗ്യം ഉള്ളവരിൽ യാതൊരുവിധ രോഗങ്ങളും ബാധിക്കുകയില്ല. ഏതെങ്കിലും കാരണവശാൽ നിങ്ങളുടെ ആരോഗ്യം നഷ്ടപ്പെട്ടുപോയിട്ടുണ്ടെങ്കിൽ അതിനെ അതിവേഗത്തിൽ വീണ്ടെടുക്കണം. അതിലേയ്ക്കുള്ള ഒരൊന്നാംതരം സിദ്ധൗഷധമാണ് ഞങ്ങളുടെ

# മൃഗമദാദിരസായനം

## ശരീരത്തെ ഉടനടി പുഷ്ടിപ്പെടുത്തും

ക്ഷയം, ചുമ, നെഞ്ചുവേദന, ശ്വാസംമുട്ട്, ഹൃദ്രോഗം, വാതം, വായുവികാരങ്ങൾ, നിദ്രാഭംഗം, നാഡിവൈകല്യം ഇവകളെ ശമിപ്പിക്കും. പ്രസവാനന്തരം സ്ത്രീകളുടെ ആരോഗ്യരക്ഷയ്ക്ക് അത്യുത്തമം.

വീര്യമേറിയ മൂലികകളും, അക്രോട്ട്, അപ്രിക്കോട്ട്, ബദാം, സാലാമിസിരി (സൂധാമൂലി), ഖർജൂരം, അത്തിപ്പഴം, ദേദ, മഹാമേദ, കാർകോളി, ക്ഷീരകാകോല്യാദ്യഷ്ടവർഗ്ഗം, ജീവനീയവർഗ്ഗത്തിൽപ്പെട്ട മററു് അനവധി ഫലസിദ്ധിയുള്ള വിശിഷ്ട ഔഷധങ്ങളും കസ്തൂരി, പച്ചകർപ്പൂരം, ഗോരോചനം, മുതലായ മേൽമരുന്നുകളും ഉൾപ്പെടെ മുന്നൂറിൽപരം ഔഷധങ്ങളും, ആട്ടിൻമാംസരസവും ചേർത്തു ഫലപ്രദമായി സാസ്കരിച്ച് സൂക്ഷിച്ചിട്ടുള്ള ഈ രസായനം പൂർണ്ണാരോഗ്യം വേണമെന്നാഗ്രഹിക്കുന്ന ഏവരും സേവിക്കേണ്ടതത്രെ. പഥ്യം ഇല്ല.

വില: റ്റം—1 ക്ക് 5 ക. 8 ണ: വി. പി. അയയ്ക്കുവാനു എഴുതുക.
പാക്കിങ്ങും പോസ്റ്റേജും വേറെ

വി. എസ്. കേശവൻവൈദ്യൻ, വൈദ്യകലാനിധി.
P. A. A. എസ്സ്. ഡി. ഫാർമസി, നഗമഹാൾ, ആലപ്പുഴ. (തിരുവിതാംകൂർ)

കണിയാപുരം—സ്ഥലം ഇംഗ്ലീഷ് മിഡിൽ സ്കൂൾ വാർഷിക സമ്മേളനം, വിദ്യാഭ്യാസ ഡയറക്ടർ ശ്രീ. ററി കെ. കോശിയുടെ അദ്ധ്യക്ഷതയിൽ നടന്നു. മെ കെ: എം: വറുഗീസ്, സി: നാരായണപിള്ള, കരുക്കുളം ജി. എ അബ്ദുല്ലാ എന്നിവരും പ്രസംഗിച്ചു:

ക്രനമ്പാവ്—ഇവിടത്തെ അഗ്രകൃഷി ചന്തയിൽ അയ്യായിരം വെട്ടിവരാറുള്ള ഉത്പന്നങ്ങളുടെ അവശിഷ്ടങ്ങൾ ചീഞ്ഞുനാറി പരിസരവാസികളെയും വ്യാപാരികളെയും വളരെ വിഷമിപ്പിക്കുന്നു. എല്ലും ഞായറാഴ്ചയും ചന്തയിലും പരിസരങ്ങളിലും ചീട്ടുകളി, കിലുക്കിക്കുത്ത് മുതലായവ നടക്കുന്നുണ്ട്. ഈ അനീതികളെ ദൂരീകരിക്കുവാൻ അധികാരികളുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു:

ചിറക്കടവ്—സനാതനം ഇംഗ്ലീഷ് മിഡിൽ സ്കൂളിലെ വാർഷികസമ്മേളനം റവ: ഡോ: ഏബ്രഹാം വടക്കയിൽ ബി. എ. ബി. എച്ച്. ഡി; ഡി. ഡി. ഡി. യുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടിരിക്കുന്നു. മെ. കെ. സി. ഗോപാലപ്പണിക്കർ, എൻ. ഗോപാലക്കുറുപ്പ് എന്നിവരുടെ പ്രസംഗങ്ങൾ നടന്നു. വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ വിവിധ കലാപ്രകടനങ്ങളും ഉണ്ടായിരുന്നു.

വടക്കൻപറവൂർ—സ്ഥലം മാഞ്ഞാലി മുസ്ലീം പള്ളിയിൽ ഈ മാസം രണ്ടാം തീയതി നടന്ന ചന്ദനക്കുടമഹോത്സവം പ്രമാണിച്ചു ടി പള്ളിയിൽ പടം വച്ച് കളിനടത്തിയതു്, സ്ഥലം പോലീസ് ഇൻസ്പെക്ടർ യൂണിഫാറം ധരിക്കാതെ അൽമാറാടമായി ടി സ്ഥലത്തു് എത്തി ഈ രഹസ്യസ്ഥലങ്ങൾ കണ്ടുപിടിച്ച് 6 പേരെ അറസ്റ്റ്ചെയ്തിരിക്കുന്നു.

പറവൂർ വടക്കേക്കര രാമൻകളങ്ങരയിൽ നടന്നതാലപ്പൊലി ഉത്സവാഘോഷത്തിൽ ഭയങ്കരമായ അടികലശൽ നടക്കുകയും പലർക്കും പരുക്കുകൾ പററിയിരിക്കുകയും ചെയ്തിരിക്കുന്നു.

കോട്ടയം—ശ്രീ. പി. ജോസഫ്, പി. കരിയാൻ അവർകളുടെ പ്രധാനപത്രാധിപത്യത്തിൽ കുംഭമാസം 18-ാംനു-മുതൽ ചിത്രോദയം വാരിക ഇവിടെനിന്നും പ്രസിദ്ധം ചെയ്യുന്നതാണെന്നറിയുന്നു.

വാമനപുരം—ഒരു പ്രസിദ്ധ സർക്കാർ ക്ഷേത്രമായ "പെരുന്തുരം" ദേവസ്വത്തിലെ ഈവർഷത്തെ ഉത്സവം വളരെ ഭംഗിയായി നടന്നിരിക്കുന്നു.

സ്ഥലത്തെ വാഴവേലിക്ഷേത്രം വക കെട്ടിടങ്ങൾ പുതുക്കിപ്പണിയുന്ന ജോലി, രാധാകൃഷ്ണൻ ബസ്സുടമസ്ഥരുടേയും മററും ഉത്സാഹത്തിൽ ധൃതഗതിയിൽ നടന്നുവരുന്നു.

കുട്ടൂർ—കുട്ടൂർ പേട്ടഭാഗത്തു് ചട്ടമ്പികളുടെശല്യം അനുദിനംവർദ്ധിച്ചുവരുന്നു. രാത്രികാലങ്ങളിൽയാത്രക്കാരായ ആളുകൾക്ക് ഉപദ്രവങ്ങൾ നേരിടുവരുന്നുമുണ്ട്. ആവശ്യമുള്ള പോലീസിന്റെസത്വരശ്രദ്ധയതിങ്ങു കാണുന്നഗ്രഹിക്കുന്നു.

A WORLD ATTRACTION
Appreciated by famous personalities is
KALANIDHI
having a good reputation and wide Circulation in the World
Apply for Adv: Rates to:-
Kalanidhi, Trivandrum.
Phone No. 554

# THE DESABANDHU

വരിസംഖ്യ
(എല്ലാഴ്ച മുൻകൂർ)

| | രൂ: | ണ. | സ. |
|---|---|---|---|
| ഏജൻസിവഴി | 1 | 12 | 0 |
| തപാലിൽ | 2 | 0 | 0 |
| അഞ്ചലിൽ | 1 | 14 | 0 |

ഒററപ്രതി 2ചക്രം

## അന്വേഷണക്കമ്മിററി

### കോട്ടയം സംഭവങ്ങളെപ്പററി റിപ്പോർട്ടു ചെയ്യാൻ പ്രവർത്തകസമിതി നിയമിക്കുന്നു

തിരു: കുംഭം 12

കോട്ടയം മുനിസിപ്പൽ പ്രസിഡണ്ടു് തിരഞ്ഞെടുപ്പിനെ തുടർന്നുണ്ടായ കാര്യങ്ങളെപ്പററി അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കുന്നതിനു മെ. ജി പി നീലകണ്ഠപ്പിള്ള, കണ്ണാറ ഗോപാലപ്പണിക്കർ, കെ. ഗോ. മാത്യു, രുദ്ര. രാജനുണ്ണി നായർ എന്നിവരുൾപ്പെട്ട ഒരു കമ്മിററിയെ ഇന്നു വൈകുന്നേരം 5-30 ന കാൺഗ്രസ്സ് ആഫീസിൽ വച്ചു കൂടിയ വർക്കിംഗ് കമ്മററിയുടെ അദ്ധ്യക്ഷതയിൽ നിന്നു നിയോഗിച്ചിരിക്കുന്നു.

(ഒന്നാംപേജിതുനിന്നു തുടർച്ച)

ഈ ബില്ലിനെ ഞാൻ കരുതുന്നു. ഈ ബില്ലിന്റെ തത്വം പ്രയോഗത്തിൽ വരുത്തുവാൻ ജനങ്ങളുടെ ധാർമ്മികമായ സഹകരണം അത്യന്തമപേക്ഷിതമാണു്. സത്യസന്ധന്മാരും, നീതിനിഷ്ഠന്മാരുമായ ഉദ്യോഗസ്ഥന്മാരെ അഭിക്കുകയെന്നുള്ളതു ഗവ:ന്റെ വലുതായ ഒരു നേട്ടമായിരിക്കും. കൈക്കൂലി മാത്രമല്ല അസന്മാർഗ്ഗികമാർഗ്ഗങ്ങളിൽ വ്യാപൃതരായിരിക്കുന്ന പല ഉദ്യോഗസ്ഥന്മാരും നിർഭാഗ്യവശാൽ ഇന്നു് ഉണ്ടു്. ഈ ബിൽ ഉടനടി പാസ്സാക്കണം.

മി. ബാലകൃഷ്ണൻതമ്പി—ബില്ലിനെ സ്വാഗതം ചെയ്യുന്നു, എന്തെന്നാൽ അപ്രകാരം ചെയ്യാതിരിക്കുന്നതു വൃത്തികേടായിരിക്കും ഒരു കൊലപാതകിക്കും മോഷ്ടാവിനും നിരപരാധിത്വം തെളിയിക്കുന്നതിനു നിയമദൃഷ്ട്യാ മാർഗ്ഗങ്ങളുണ്ടു്.

മി. മാത്തേസ്സൻ—ഇൻഡ്യൻ യൂണിയൻ ആക്ടിലെ വ്യവസ്ഥകൾ മെമ്പർക്കു് ഓർമ്മയുണ്ടോ?

മി. തമ്പി:—മെമ്പർക്കു് വെയിൽസ്ബറിസ്ബറി ഓഫ് ഇംഗ്ലണ്ടിന്റെ എല്ലാ പുറങ്ങളും ഹൃദിസ്ഥമാണോ (ചിരി) കുററക്കാരന്റെ പേരിൽ നടപടി നടത്തുന്നതിനു് ഈ ബില്ലിൽ ഉള്ള വ്യവസ്ഥകൾ വ്യഥാസ്ഥൂലങ്ങളാണു്.

മി. ചിദംബരനാഥനാടാർ—ബില്ലിനെ സ്വാഗതംചെയ്യുന്നു. ബിൽ നല്ല അടിസ്ഥാനത്തിൽ തന്നെയാണു് രൂപീകരിച്ചിട്ടുള്ളതു്: താഴ്ന്ന ശമ്പളക്കാരുടെയിടയിൽ കൈക്കൂലി നിലവിലുണ്ടെങ്കിൽ, അതിനു് അവർ നിർബന്ധിതരായി തീരുന്നതാണു് കാരണം. എന്നാൽ ഉയർന്ന ഉദ്യോഗസ്ഥന്മാർ കൈക്കൂലിവാങ്ങിച്ചാൽ അവരുടെ കൈമുറിച്ചുകളഞ്ഞാൽതന്നെയും ശിക്ഷ അധികമാകുന്നതല്ല കുററംചെയ്യുന്നതു് ആരായാലും, ആരുടെ ബന്ധുവായിരുന്നാലും ഉടൻതന്നെ നേരിട്ടു് ശിക്ഷനൽകുകയാണു് വേണ്ടതു്.

മി. മന്നത്തുപത്മനാഭപ്പിള്ള:—ബിൽ കൊണ്ടുവന്ന മാന്യന്മാരുടെ സദുദ്ദേശത്തെ ഞാൻ വിലമതിക്കുന്നു. എന്നാൽ ഇതിന്റെ അപ്രായോഗികതകൊണ്ടു് ഖേദമുണ്ടു്. ഇവിടെ ബില്ല നനുകൂലമായിപ്രസംഗിച്ചു ഉപദേശപ്രസംഗങ്ങളും നാം കേട്ടു: കൈക്കൂലിയും അഴിമതിയും വൈദേശിക ദിവാന്മാരുടെ ഭരിക്കുന്ന കാലം മുതലെ ഉള്ളതാണു്. എന്നാൽ ഇന്നു് നമ്മെ ഭരിക്കുന്നതു് ജനകീയമന്ത്രിമാരാണു് ജാതിക്കും, മതത്തിനും, അതീതരായി, പ്രഗൽഭരായ മന്ത്രിമാരെ കിട്ടിയിരിക്കുമ്പോൾ, അവരെ തെരഞ്ഞെടുക്കുവാനുള്ള പ്രായപൂർത്തി വോട്ടവകാശം വന്നിരിക്കുന്ന ഈ കാലത്തു്, ഇപ്പോഴത്തെ 6 മന്ത്രിമാരെ ഉൾപ്പെടെയുള്ളവരുടെ ഭരണം ശുദ്ധമായിരുന്നാൽ, ഈ ബില്ലുകളുടെയും പ്രസംഗങ്ങളുടെയും ആവശ്യമുണ്ടോ, പുതിയ ഉദ്യോഗസ്ഥന്മാരുക്കുവാൻ ശ്രമിക്കുന്നതു നന്നാണോ, അവനവന്റെ കാര്യസാദ്ധ്യത്തിനു വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ പരിതഃസ്ഥിതിയിൽ, ജനപ്രതിനിധികൾ നന്നാകാതിരിക്കുന്നിടത്തോളം കാലം ഹരിശ്ചന്ദ്രനെ കൊണ്ടുവന്നാലും ഇവിടെനിന്നു് അഴിമതിയും കൈക്കൂലിയും മാറാനെ സാധിക്കുമോ എന്നു സംശയിക്കുന്നു. ഇവയ്ക്കെല്ലാം പരിഹാരമായ ഒരു ബിൽ അവശ്യമാണു്.

മന്ത്രി ഏ. ജെ. ജോൺ:—ബില്ലിന്റെ തത്വത്തോടു് എല്ലാവരും യോജിച്ചിരിക്കുന്നു. ഈ ബിൽ മൈസൂറിലെ ആക്ടനുസരിച്ചും മററുമാണു് ഭേദഗതി ചെയ്തിരിക്കുന്നതു്: ആവശ്യമായ ഭേദഗതികൾ ഇനിയും സിലക്ടു് കമ്മററിക്കു വരുത്താവുന്നതാണു്. പബ്ളിക്കു് സർവന്റു്, എന്നതിന്റെ നിർവചനം എന്താണെന്നു വ്യക്തമാക്കി, ഈ ഗവണ്മെന്റിനെ സംബന്ധിച്ച പറയുകയാണെങ്കിൽ മി. രാമചന്ദ്രനും, മി. മന്നത്തു പത്മനാഭപ്പിള്ളയും പറഞ്ഞ തത്വങ്ങൾ നടപ്പിൽ വരുത്തണമെന്നാണു് ആഗ്രഹം. ഈ ബിൽ ഒരു സിലക്ടുകമ്മററിക്കയയ്ക്കുന്നതെന്തു ഞാൻ അഭിപ്രായപ്പെടുന്നു. സിലക്ടുകമ്മററി അംഗങ്ങൾ മെ: ചെല്ലസ്വാമി നാടാർ, കെ. രാമകൃഷ്ണപിള്ള, ചെറിയാൻ കാപ്പൻ, മൈതീൻകുഞ്ഞു്, ആബർട്ടു് ജോസ്, രാമകൃഷ്ണനാചാരി, പി ലിപ്പോസുതലാളി, കൊച്ചുകുഞ്ഞു്, എം. ഗോവിന്ദൻ, നീലകണ്ഠയ്യർ, പൊന്നറ ശ്രീധർ എന്നവരാണു്:

അടുത്തതായി ദിവാൻജി പഞ്ചായത്ത്ബിൽ മന്ത്രി മി: കുഞ്ഞിരാമൻ അവതരിപ്പിച്ചു. ഈ ബില്ലിലെ വ്യവസ്ഥകൾ ഗസററിൽ പ്രസിദ്ധപ്പെടുത്തിയിരുന്നതാണു്. ഈ ബില്ലിലെതത്വങ്ങളോടു് ആരും വിയോജിക്കുമെന്നു് കരുതുന്നില്ല: വിവിധ ഗ്രാമങ്ങളിലും, അധിവസിക്കുന്ന ലക്ഷോപലക്ഷ ജനങ്ങളുടെ ക്ഷേമത്തെയാണു് ജനകീയ ഗവണ്മെന്റു് ആഗ്രഹിക്കുന്നതു്. അങ്ങനെയാണെങ്കിൽ സ്വയം ഭരണസ്ഥാപനങ്ങൾ അത്യാവശ്യമാണു്. ഇന്നു പ്രവർത്തനം നടത്തുന്ന 200-ൽപരം ഗ്രാമോദ്ധാരണകേന്ദ്രങ്ങൾ ഉണ്ടു്. എന്നാൽ അവയ്ക്കു് പൂർണ്ണമായ അധികാരങ്ങളോ അവകാശങ്ങളോ ഇല്ല. ഇതിനു ചില പരിമിതികൾ പഞ്ചായത്തിന്റെ ഭരണത്തിനു സഹായകമായവിധം വ്യവസ്ഥപ്പെടുത്തിയിട്ടുണ്ടു്. ഗവ:ൽനിന്നു സ്ഥാപിക്കുന്ന പഞ്ചായത്തുകളുടെ ഏറിയ ഭൂനിലധികം പകുതിയോ അംശമോ ചേർത്താണു് ഉണ്ടാക്കുവാൻ പോകുന്നതു്. ഇതിന്റെ ഭരണം തെരഞ്ഞെടുക്കുന്ന പ്രസിഡണ്ടും അംഗങ്ങളുമായിരിക്കും നടത്തുന്നതു്. ഇംഗ്ലീഷോ തമിഴോ മലയാളമോ ഏതെങ്കിലും അറിയാവുന്നവർക്കു് ഇതിൽ അംഗങ്ങളാകാം രാഷ്ട്രീയ കുററങ്ങൾക്കു ശിക്ഷിക്കപ്പെട്ടവർക്കു അംഗങ്ങളാകാനയോഗ്യതയില്ല. ഇതിന്റെ കാലാവധി 3 വർഷമാണു്. ഈ പഞ്ചായത്തിന്റെ പ്രവർത്തനത്തിനു പണം ആവശ്യമാണു്. പഞ്ചായത്തുകൾ പണം പിരിക്കുന്നതു് ബൈലാ പാസാക്കിയായിരിക്കും. ഇതിലെ വ്യവസ്ഥകൾ ലംഘിക്കുന്നവരെ പ്രോസിക്യൂട്ടു് ചെയ്യുന്നതിനും വ്യവസ്ഥയുണ്ടു്. ഇതിന്റെ വിശദാംശങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്താവുന്നതാണു്.

സഭയുടെ അംഗീകാരത്തിനു സമർപ്പിച്ചുകൊള്ളുന്നു.

മി. പി. എസ്സ്. നടരാജപിള്ള—ബില്ലിനെസ്വാഗതം ചെയ്തു ഗ്രാമീണരുടെ അഭിവൃദ്ധിയെത്രയുമാശ്രയിച്ചാണു് നാട്ടിന്റെ സുസംഘാതി നിലകൊള്ളുന്നതു്. ഈ പരമാർത്ഥം നേരത്തെ മനസ്സിലാക്കിയതുകൊണ്ടാണു് തിരുവിതാംകൂറിൽ ഇന്നു് വില്ലേജ്യൂണിയനുകൾ പ്രവർത്തനത്തിൽ ഇരിക്കുന്നതു് എന്നാൽ ഇന്നത്തെ യൂണിയനുകൾ അവ്യാപൃതങ്ങളാണു്.

മി. പി ററി. ചാക്കോ—സർ ഈ മെമ്പർ ടൈപ്പുചെയ്ത ഒരു മാററർ വായിക്കുകയാണു്. പ്രസംഗിക്കുകയല്ല. ടൈപ്പുചെയ്ത വ മുനക്കൂട്ടി വിതരണം ചെയ്തിട്ടില്ല ആ നിലയ്ക്കു് വായിക്കാമോ?

പ്രസി—നോട്ടു നോക്കിപ്രസംഗിക്കുന്നതിനു് വിരോധമില്ല.

മി. നടരാജപിള്ള—സർ, ഇതു വികസിത രൂപത്തിലുള്ള ഒരു നോട്ടു മാത്രമാണു്, വില്ലേജ് പഞ്ചായത്തിനു് ഇന്നു നീക്കിവച്ചിരിക്കുന്ന തുക വളരെ അപര്യാപ്തമാണു്. യൂണിയനുകൾക്കു് വരുമാനം ഉണ്ടാകത്തക്കവിധം നികുതി ഈടാക്കുവാനുള്ള അധികാരം നൽകണം. മൈനർ ഇറിഗേഷനും, ശുദ്ധജല വിതാണവും പഞ്ചായത്തുകളുടെ അധികാരപരിധിയിൽ ഉൾപ്പെടുത്തണം:

മി. പൊന്നറ—ബ്രിട്ടീഷ് ഇന്ത്യൻ പഞ്ചായത്തു മാതൃകയിലുള്ള മദ്രാസ് ആക്ടിനെ അനുകരിച്ചാണു് ഈ ബിൽ നിർമ്മിക്കപ്പെട്ടതു്. ഇവിടെ നാട്ടുകാർക്കു് ഗുണകരമായ കാര്യങ്ങൾ ചെയ്യുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്കു നൽകിയിട്ടില്ല അതിനാവശ്യമായ റൂളുകൾ ഉണ്ടാക്കണം. ഈ ബില്ലിൽ ചേർത്തിട്ടുള്ള ഇടക്കാലവ്യവസ്ഥകൾ എടുത്തുകളയേണ്ടതാണു് യൂണിയനുകളിലെയും, പഞ്ചായത്തുകളിലെയും തിരഞ്ഞെടുപ്പു് പ്രായപൂർത്തി വോട്ടവകാശാടിസ്ഥാനത്തിലാക്കണം. ഈ ബിൽ നിയമമായാലുടനെ അപ്രകാരം പുതിയതെരഞ്ഞെടുപ്പുകൾ നടത്തേണ്ടതുമാണു്.

മി. പാണ്ഡവത്തു് ശങ്കരപ്പിള്ള:— സഹകരണാടിസ്ഥാനത്തിൽ ഗ്രാമപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടു പോകേണ്ടതു് ഇന്നത്തെ വലിയ ഒരാവശ്യമാണെന്നും സഹകരണസംഘങ്ങളെ ഇതിന്റെ പരിധിയിൽ ഉൾപ്പെടുത്തി വേണ്ട മാററങ്ങൾ സിലക്ടു് കമ്മിററിയിൽ ചെയ്യണമെന്നും, ഈ ബിൽ എത്രയും വേഗം നടപ്പിലാക്കണമെന്നും അഭിപ്രായപ്പെട്ടു.

മി. കെ:എസ്:ജോസഫ്:— തിരുവിതാംകൂറിലെ ഓരോ പകുതി വില്ലേജ് പഞ്ചായത്തുകളായി രൂപാന്തരപ്പെടുത്തണം. അധികാരം വികേന്ദ്രീകരിച്ചു് ഓരോ താലൂക്കിലെയും ആവശ്യങ്ങൾ നിറവേററുന്നതിനു് അതതുതാലൂക്കിലെ ഗ്രാമീണകേന്ദ്രങ്ങൾക്കു് അധികാരം കൊടുക്കണം. ഓരോതാലൂക്കിലും ഓരോ കൃഷിഡിമോൺസ്ട്രേററി

## കൊച്ചി കപ്പൽതാവളം

### കപ്പൽ നിർമ്മാണത്തിനുപുറമേ വ്യാപാരങ്ങളും നടത്തുന്നതാണു്

#### പശ്ചിമദേശത്തു് മറെറാരു മേജർ തുറമുഖം കൂടി പണി കഴിക്കുന്നു

ഡൊമിനിയൻ പാർലമെന്ററിൽ ഗോപാലസ്വാമി അയ്യങ്കാരുടെ പ്രസ്താവന

ന്യൂഡൽഹി; ഫെ 23

കൊച്ചിത്തുറമുഖത്തെ ഒരു കപ്പൽ താവളമായി മാററുന്നതു സംബന്ധിച്ച പ്രാരംഭനടപടികൾ പൂർത്തിയായിരിക്കുന്നതായി ഇന്നു ഡൊമിനിയൻ അസ്സംബ്ളിയിൽ മന്ത്രി മി. എൻ ഗോപാലസ്വാമി അയ്യങ്കാർ പ്രസ്താവിച്ചു. കപ്പൽ നിർമ്മാണത്തിനുപററിയ ഒരു സ്ഥാനം നിർദ്ദേശിക്കുന്നതിനും മററുമായി വിദേശനായ ഒരു വിദഗ്ദ്ധനെ നിയമിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു വ്യാപാരസംബന്ധമായ അവശ്യങ്ങൾക്കു കൊച്ചിത്തുറമുഖം തുടർന്നു് ഉപയോഗപ്പെടുത്തുന്നതായിരിക്കും പശ്ചിമ തീരത്തു് മറെറാരു വൻ തുറമുഖം നിർമ്മിക്കുന്നതിനുള്ള ആലോചനനടക്കുന്നുണ്ടെന്നും മി. അയ്യങ്കാർ പ്രസ്താവിച്ചു

(എ-പി-ഐ)

## പാർലമെൻററി പാർട്ടി യോഗം

### മുൻ തീരുമാനങ്ങളുടെ ചർച്ചകളും അനാദരിക്കപ്പെടുന്നു

(സ്വ-ലേ)

തിരു. കുംഭം 12

ഇന്നുരാവിലെ ഏഴര മണിക്കു ജുബിലി ടൌൺഹാളിൽലീഡർ ശ്രീ. ടി. കെ. നാരായണപിള്ളയുടെ അദ്ധ്യക്ഷതയിൽ കോൺഗ്രസ്സ് ലെജിസ്ളേററീവ് പാർട്ടിയുടെ ഒരു യോഗം കൂടി. സെക്രട്ടറിയുടെ മിനിട്ടസ്സിൽ കഴിഞ്ഞ പാർട്ടിമീററിംഗിൽ വെറുംപാട്ട ഒഴിപ്പിക്കൽ ബില്ലിനെ സംബന്ധിച്ചു തീരുമാനിച്ച രണ്ടു സംഗതികൾ വ്യക്തമാക്കിയതായി അറിയുന്നു. 1 വസ്തു കൈവശക്കാരിൽ നിന്നും എല്ലാവിധ വസ്തു ഒഴിപ്പിക്കലും 6 മാസത്തേയ്ക്കു നിർത്തിവയ്ക്കുക. 2 വസ്തു നടത്തിക്കൊടുക്കുന്നു വിധിനടത്തു നടപടികൾ നിർത്തിവയ്ക്കുക ഈ റിപ്പോർട്ടുവായനയ്ക്കുശേഷം വെറുമ്പാട്ടബില്ലിൽ സിലക്ടു കമ്മിററി വരുത്തിയ മാററങ്ങൾ ആലോചനയ്ക്കെടുത്തു പാർട്ടിയിലെ തീരുമാനങ്ങൾക്കും കരുതുകൾക്കും വിപരീതമായി ബില്ലിന്റെ പേരും സാരാംശത്തിൽ തന്നെയും മൌലികമായ വ്യത്യാസങ്ങൾ വരുത്തിയിരിക്കുന്നതിനാൽ സിലക്ടു കമ്മററിയുടെ ബിൽ അതേപ്രകാരത്തിൽ സ്വീകാര്യമല്ലെന്നു മി. കെ പി. നീലകണ്ഠപ്പിള്ള ശക്തിയായി വാദിച്ചതായി അറിയുന്നു. ഉദാഹരണമായി വളരെ സൂക്ഷ്മത്തിൽചില വസ്തുക്കളെ ബില്ലിൽ നിന്നു ഒഴിവാക്കുന്നതിനായികൊണ്ടുവരപ്പെട്ട മാർഗ്ഗങ്ങളെ "കണ്ണു ഞൊരി ഇരുന്നവൻ പെണ്ണു കുണ്ടു പോയ" ഒരു നയമാണെന്നു പ്രസ്താവിച്ചതായി കേട്ടു. മിനിട്ടസ്സിൽ രേഖപ്പെടുത്തിയ ഭാഗങ്ങൾ ശരിയാണെന്നും അതിനു വിപരീതമായാണു് സിലക്ടു കമ്മററിയുടെ നിർവചനങ്ങൾ എന്നാണു് തന്റെ അഭിപ്രായമെന്നും ശ്രീ. ടി. കെ. വ്യക്തമാക്കി. ഈ ഭാഗത്തെ കേന്ദ്രീകരിച്ചു് അംഗങ്ങളുടെ അഭിപ്രായം ക്ഷണിച്ചതിൽ മിനിട്ടസ്സിലെ ഭാഗം ശരിയാണെന്നു് മെ: മന്നം, ഏ. കെ. പാപ്പുപിള്ള, കെ: പി. നീലകണ്ഠപ്പിള്ള, മാന്നാർ ഗോപാലനുണ്ണിനായർ, ബാലകൃഷ്ണൻ തമ്പി, കളത്തിൽ വേലായുധൻ നായർ, കെ. കെ. ചെല്ലപ്പൻ പിള്ള ഇവരും പണത്തിനുള്ള ഡിഗ്രി ഒഴിവാക്കിക്കൊണ്ടായിരുന്നു കരാർ എന്നു് മെ: ടി. എം. വറുഗീസ്, ഏ ജെ. ജോൺ, ഗംഗാധരമേനോൻ, മാമ്മൻ, മർക്കോസ് മുതലായവരും വാദിച്ചു. സ്ഥാവരവസ്തുക്കളെപ്പററിയുള്ള എല്ലാ ഡിഗ്രികളും ബില്ലിൽ ഉൾപ്പെടുത്തി ഭേദഗതി ചെയ്യണമെന്നു് തീരുമാനിച്ചു. പണം സംബന്ധിച്ച ഡിഗ്രികളെപ്പററിയുള്ള അംഗങ്ങളുടെ അഭിപ്രായം കേട്ടശേഷം വോട്ടിനിട്ടതിൽ അവ ഉൾപ്പെടുത്തണ്ട എന്നുള്ള മി. ടി. എം. വറുഗീസിന്റെയും ഗംഗാധരമേനോന്റെയും ഭാഗത്തു് കൂടുതൽ ആളുകൾ കൈപൊക്കി മററു അഭിപ്രായക്കാരെ നിർജ്ജീവരും ന്യൂനപക്ഷീയരുമാക്കിയതായി അറിയുന്നു. ഒരു സഭയിൽ നടന്നതും രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതുമായ ചർച്ചകളും തീരുമാനങ്ങളും ഓരോ കക്ഷികളുടെയും താൽപ്പര്യമനുസരിച്ചു സൌകര്യംപോലെ ആദരിക്കുകയും അനാദരിക്കുകയും ചെയ്യുന്നതു ഡെമോക്രസിയുടെ വളർച്ചയെ തെക്കിക്കൊല്ലുകയാണെന്നുള്ള പരാജിതബോധം പാർട്ടിഅംഗങ്ങളിൽ വ്യാപരിച്ചു വരുന്നതായും കാണുന്നു.

## ലീഗുകൺവൻഷനെതിരായി

കോട്ടയത്തെ വിവിധ മഹല്ലുകാരുടെ അഭ്യർത്ഥന

മുസ്ളീംലീഗിനെ ദുർബലപ്പെടുത്തുകയും മുസ്ളീം അണികളിൽപിളർപ്പുണ്ടാക്കുകയും ചെയ്യത്തക്കവണ്ണം ലീഗു കൺവൻഷൻ നടത്തി നാട്ടിനു തീരാക്കളങ്കമുണ്ടാക്കരുതെന്നു് കോട്ടയത്തെ വിവിധ മഹല്ലുകളിൽപെട്ട 25 മുസ്ലീം മാന്യന്മാർ ചേർന്നു് ഒരഭ്യർത്ഥന പുറപ്പെടുവിച്ചിരിക്കുന്നു.

(സംഗ്രഹം)

## നിയമനങ്ങൾ

മി. കേരളവർമ്മരാജാ പുഞ്ചകൃഷി സ്പെഷ്യലാഫീസർ

(സ്വ-ലേ) തിരു: കുംഭം 12

പുഞ്ചകൃഷി സ്പെഷ്യലാഫീസർ മി: ആർ. കുഞ്ഞുണ്ണിപ്പിള്ളയെ റിലീവ്ചെയ്യുന്നതിനും, ആലപ്പുഴ അസിസ്റ്റന്റുപഷ്ക്കാരും ഒന്നാംക്ലാസ്സുമജിസ്ട്രേട്ടുമായ മി: സി: കെ: കേരളവർമ്മരാജയെ പുഞ്ചകൃഷി സ്പെഷ്യലാഫീസറായും ലാൻഡ്കമ്മീഷണറുടെ പേഴ്സനൽ അസിസ്റ്റന്റു് മി: പി. കെ: ശ്രീധരൻപിള്ളയെ ആലപ്പുഴ അക്കിംഗ് അസിസ്റ്റന്റു് പേഷ്ക്കാരും ഒന്നാംക്ലാസ്മജിസ്ട്രേട്ടുമായും, അസിസ്റ്റന്റു ഗവമ്മെന്റുസെക്രട്ടറി മി. എൻ. വേലായുധനുണ്ണിയെ ലാൻഡ് കമ്മീഷണറുടെ അക്കിംഗ് പേഴ്സനൽ അസിസ്റ്റന്റായും നിയമിക്കുന്നതിനും ഗവർമ്മെന്റനുവദിച്ചിരിക്കുന്നു.

## സെയിൽസ് ടാക്സ് ഇൻസ്പെക്ടറന്മാർ

തിരു: കുംഭം 12

ചുവടെ പറയുന്നവരെ തിരുവിതാംകൂർ ഗവർമ്മെന്റിൽ നിന്നു സെയിൽസ് ടാക്സ് ഇൻസ്പെക്ടറന്മാരായി നിയമിച്ചിരിക്കുന്നു.

1) മാത്യു സക്കറിയാ ബി. ഏ ബി. എൽ. ബി: കോം, മുണ്ടയ്ക്കൽ, രാമപുരം, മീനച്ചിൽ:

2) കെ. ഏ കൃഷ്ണൻ ബി ഏ ബി കോം എൽ എൽ ബി കൺട്രാക്ടർ തിരുവനന്തപുരം.

3) ജെ ഏ. റൊഡ്റിഗസ്. അഡ്വാക്കേററു് നാഗരുകോവിൽ.

4) മി. വി. എസ്സ് നാണപിള്ള (വൈക്കം) അഡ്വാക്കേററു് തിരുവനന്തപുരം.

5) എസ്സ്? എസ്സ്. തിരുവിയം ബി. എ ബി. എൽ. അഡ്വാക്കേററു്, നാഗരുകോവിൽ.

6) എം. മഹമ്മദ് ഇബ്രാഹിം എം. എ. ബി. എൽ. അഡ്വാക്കേററു് മാനേജിംഗ് ഡയറക്ടർ കേരളകൊമേർഷ്യൽബാങ്ക്, തിരുവനന്തപുരം.

ദമ്പതികളുടെ ചുംബനരഹസ്യം
ദാമ്പത്യജീവിതത്തിലെ ബാഹ്യലീലാവിധങ്ങൾ ശാസ്ത്രീയമായി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥത്തിനു വില രൂപ: 1 ണ. 8.
To
വിദ്യാരംഭംപ്രസ്സ്,
ആലപ്പുഴ.

Printed and Published by C. M. Sankara Pillai at the Swaraj Printing Works, Kottayam.

PILES CURE
അർശോ കുഠാരി
അർശോ രോഗികൾ ആശ്വസിപ്പിൻ! ഏതുതരം അർശസ്സിനെയും-പഴകിയതും, ഉഗ്രമോ ആയിരുന്നാലും അതിനെ ഞങ്ങളുടെ PILES CURE (അർശോ കുഠാരി) എന്ന ലേഹ്യം വളരെ വേഗത്തിൽ പേരോടെ ശമിപ്പിക്കുന്നതാണു് ആസനത്തിൽ കുഴപ്പ്, തരിപ്പ്, ചൂടു്, രക്തപ്രവാഹം, വീർപ്പു് ഇവയും അർശസ്സിനുണ്ടാകുന്ന മററനേകം രോഗങ്ങളും ഈ മരുന്നുകൊണ്ടു് വേഗം മാറിക്കിട്ടും. സാധാരണയായി ഒരു രോഗി ഒരു റാത്തൽ ഉപയോഗിച്ചാൽ മതി. റാത്തൽ ഒന്നിനു രൂപാ 5
വൈദ്യൻ ആർ. എസ്. തമ്പി, ബി. ഏ.
(വൈദ്യകലാനിധി)
ആത്രേയാശ്രമം, കൈതമുക്കു്, തിരുവനന്തപുരം.

അക്കപ്രശ്ന. നമ്പർ 2
സമ്മാനം 675 രൂപാ
21
ഒന്നാം സമ്മാനം 350 രൂപാ.
രണ്ടാം സമ്മാനം 175 രൂപാ.
മൂന്നാം സമ്മാനം 100 രൂപാ.
സ്പെഷ്യൽ 50 രൂപാ,
പ്രവേശനഫീസ്: ഒരു ഉത്തരത്തിനു് 12 അണ. തുടർന്നുള്ള ഓരോ ഉത്തരത്തിനും 8 അണ വീതം
മേൽ കാണുന്ന പ്രകാരം വെള്ളക്കടലാസിൽ കാളംവരച്ചു് ഒരു അക്കം രണ്ടുപ്രാവശ്യം ഉപയോഗിക്കാതെയും വെട്ടുതിരുത്തൽ കൂടാതെയും നെടുകയും കുറുകയും കോണോടുകൂടെയുള്ളതിയാൽ 63 കിട്ടത്തക്കവണ്ണം പൂരിപ്പിച്ചു് കുംഭമാസം 30-ാംനു-സ്സ് ഈ ആഫീസിൽ കിട്ടത്തക്കവിധം അയച്ചുതരിക. ഉത്തരത്തോടൊന്നിച്ചു് മണിയാർഡർ രസീതും അടിയിൽ ശരിയായ മേൽവിലാസവും എഴുതിയിരിക്കണം.
ഇതിന്റെ ഉത്തരം അക്കപ്രശ്ന. ആഫീസിൽ സീൽവച്ചു് സൂക്ഷിച്ചിരിക്കുന്നതും അതിൻപ്രകാരം ഉത്തരം ഉള്ളവർക്കു് ഒന്നാം സമ്മാനവും ഒരു തെററുവരുത്തിയവർക്കു് രണ്ടാം സമ്മാനവും രണ്ടു തെററുള്ളതിന് മൂന്നാം സമ്മാനവും കൂടാതെ 10-7-124-നുമുമ്പു് ഇവിടെ കിട്ടുന്ന ശരി ഉത്തരത്തിനു് ഒന്നാം സമ്മാനത്തിനുപുറമേ 3- രൂപായും കൂടുതൽ ഉത്തരം അയയ്ക്കുന്ന ആൾക്കു് 20 രൂപാ സ്പെഷ്യലായും കൊടുക്കുന്നതാണു്. സമ്മാനാർഹർ ഒന്നിൽ കൂടുതൽ ഉണ്ടായാൽ തുക സമമായി വീതിക്കും. ശരി ഉത്തരവും സമ്മാനാർഹരുടെ പേരും പത്രത്തിൽ പ്രസിദ്ധപ്പെടുത്തും.
മാനേജർ, അക്കപ്രശ്ന ആഫീസ്, ആറന്മുള

വരുവിൻ! അസ്വദിക്കുവിൻ!;
ആലുവാ സ്വരാജ്
ബസ്സ്റ്റാന്ധിനു സമീപം
പുതുതായി തുറന്നിരിക്കുന്ന
രാജാജിലോഡ്ജ്
സന്ദർശിക്കുവിൻ!!
രുചികരമായ ഭക്ഷണം, മിതമായ ചാർജ്
Prop: C. N. C. Iyer, & Bros: